VOL NO: 04 | ISSUE 20
www.nerpatham.com
mail@nerpatham.com

2020 MAY 16 | ₹12

# നേർപഥം

വാരിക

# അമാനി തഫ്സീർ: രചനയും ആധികാരികതയും

ഇസ്‌ലാഹി പ്രസ്ഥാനം മലയാളികൾക്ക് നൽകിയ ഏറ്റവും വലിയ സംഭാവനയേതെന്ന് ചോദിച്ചാൽ രണ്ടാമതൊന്നാലോചിക്കാതെ പറയാൻ കഴിയും അമാനി മൗലവിയുടെ ക്വുർആൻ പരിഭാഷയെന്ന്. റഫറൻസിനായി ഇന്നത്തെ സൗകര്യങ്ങളൊന്നുമില്ലാതിരുന്ന അക്കാലത്ത് ഒരു പുരുഷായുസ്സ് മുഴുവൻ തഫ്സീർ രചനക്കായി മാറ്റിവെച്ച മുഹമ്മദ് അമാനി മൗലവിയുടെ ത്യാഗസന്നദ്ധത ചരിത്രത്തിന്റെ തങ്കലിപികളിൽ ഉല്ലേഖനം ചെയ്യപ്പെടേണ്ടതാണ്.




**ബദ്റും ബദ്രീങ്ങളും**
**മരുന്ന് കഞ്ഞിയുടെ മണമുള്ള റമദാൻ**
**ദൈവപ്രീതി നേടാൻ കുറുക്കുവഴികളില്ല**

## കൊറോണക്ക് ശേഷം...?

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കൊറോണ സൃഷ്ടിച്ചിരിക്കുന്നത്. ലോകബാങ്കും ഐ.എം.എഫും വരാനിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയെ കുറിച്ച് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. എന്തായിരിക്കും കൊറോണക്ക് ശേഷം ഉണ്ടായിവരുന്ന പുതിയ ലോകക്രമം?

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം.


# നേർപഥം Online Quiz

- ശരിയുത്തരമയക്കുന്ന 1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!
- എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 AM വരെ ഉത്തരമയക്കാൻ അവസരം.

zameel
the soulmate

വിശദവിവരങ്ങൾക്ക് നേർപഥം വെബ്സൈറ്റോ സമീൽ ഓൺലൈൻ ലൈബ്രറിയോ സന്ദർശിക്കുക.




Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക

നേർപഥം വാരിക, 0174 / 2020 മെയ് 16
1441 റമദാൻ 23 / പുസ്തകം 04 / ലക്കം 20



# അമാനി തഫ്സീർ: രചനയും ആധികാരികതയും

സുഫ്യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**
ദൈവപ്രീതി നേടാൻ കുറുക്കുവഴികളില്ല / 05

**ലേഖനം**
ബദ്റും ബദ്‌രീങ്ങളും / 06
സയ്യിദ് സഅ്ഫർ സ്വാദിഖ്

കൊറോണക്ക് ശേഷം...? / 21
നബീൽ പയ്യോളി

മനഃശുദ്ധി / 26
അബ്ദുൽ ജബ്ബാർ മദീനി

**കവിത**
വ്രതശുദ്ധി / 32
ഷഹനാസ് ചാത്തോത്ത്

**കഥ**
റിലീഫ് കിറ്റ് / 18
വി.ടി അബ്ദുസ്സലാം

**സംശയനിവാരണം**
സകാത്ത്,
നിക്ഷേപം / 29
പി.എൻ അബ്ദുർറഹ്മാൻ

**കാഴ്ച**
മരുന്ന് കഞ്ഞിയുടെ
മണമുള്ള റമദാൻ / 34
സലാം സുറുമ എടത്തനാട്ടുകര

**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്സ് പ്രവർത്തിക്കാത്തതിനാൽ ഈ ലക്കം ഓൺലൈനായി പുറത്തിറക്കുകയാണ്. മാന്യവായനക്കാർ സഹകരിക്കുമല്ലോ.**

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

# സകാത്ത്: സാമൂഹിക ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നു: ഇ.ടി. മുഹമ്മദ് ബഷീർ എം.പി

കോഴിക്കോട്: മനുഷ്യ ബന്ധങ്ങളെയും സാമൂഹിക ബന്ധങ്ങളെയും ഊട്ടിയുറപ്പിക്കുന്ന മഹത്തായ സംവിധാനമാണ് ഇസ്‌ലാമിലെ സകാത്ത് വ്യവസ്ഥയെന്ന് ഇ.ടി.മുഹമ്മദ് ബഷീർ എം.പി അഭിപ്രായപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച 'കേരള സകാത്ത് വെബിനാർ' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സകാത്ത് സംവിധാനംവഴി സമൂഹത്തിന് ലഭിക്കുന്ന ഗുണങ്ങളെ ആധുനിക യുവസമൂഹം പഠനവിധേയമാക്കണം. നമസ്കാരത്തെ പോലെ ഇസ്‌ലാമിൽ പ്രാധാന്യമുള്ള വിഷയമാണ് സകാത്ത് എന്നത് നാം വിസ്മരിക്കരുത്. സകാത്ത് വ്യക്തികളുടെ താൽപര്യത്തിനനുസരിച്ച് ക്രമീകരിക്കാൻ സാധിക്കുന്ന ഒന്നല്ല എന്നത് നാം മനസ്സിലാക്കണം. സകാത്തിന്റെ ഉപഭോക്താക്കളെ നിർണയിക്കുന്നിടത്തും ഇസ്‌ലാം മുന്നോട്ട് വെച്ച നിർദേശങ്ങൾ കാലിക പ്രസക്തമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ആധ്യക്ഷ്യം വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, സൗദി അറേബ്യയിലെ ദമ്മാം പ്രവിശ്യയിലെ മതകാര്യ വകുപ്പ് മലയാള പ്രബോധന വിഭാഗം മേധാവി അബ്ദുൽ ജബ്ബാർ അബ്ദുല്ല മദീനി, ഹംസക്കുട്ടി സലഫി, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് ഹാരിസ് മദനി കായക്കൊടി എന്നിവർ പ്രസംഗിച്ചു.

# പ്രവാസികളുടെ മടക്കം; പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണം: വിസ്ഡം യൂത്ത്

മലപ്പുറം: കോവിഡ് 19 വ്യാപനത്തെ തുടർന്ന് ഉപജീവന മാർഗം മുടങ്ങി നിസ്സഹായരായ പ്രവാസികൾ മടങ്ങിയെത്തുമ്പോൾ അനുയോജ്യമായ പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കാൻ ഭരണകൂടങ്ങൾ തയ്യാറാകണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു. വിമാനയാത്രയടക്കമുള്ള ചെലവുകൾ സ്വയം വഹിക്കണമെന്ന കേന്ദ്ര ആഭ്യന്തര വകുപ്പിന്റ നിലപാട് നിരാശാജനകവും ആശങ്കയുളവാക്കുന്നവയുമാണ്. സാമ്പത്തിക പരാധീനതകൾ കാരണം യാത്ര മുടങ്ങാൻ സാധ്യതയുള്ളവരെ കണ്ടറിഞ്ഞ് പ്രത്യേക യാത്രാ പാക്കേജും പ്രഖ്യാപിക്കണം.

ക്വാറന്റൈൻ സംവിധാനങ്ങൾക്കായി മത സാംസ്കാരിക സംഘടനകൾ സ്ഥാപനങ്ങൾ വിട്ടുനൽകിയ പോലെ സാമ്പത്തികവും മാനസികവുമായ കരുത്തും പിന്തുണയും നൽകാൻ എല്ലാവരും മുന്നോട്ട് വരണം.

സംസ്ഥാനത്തെ സാമ്പത്തിക സുസ്ഥിരതക്കായി മദ്യവിൽപനയെ അവലംബിക്കുന്നത് സാംസ്കാരിക കേരളത്തിനപമാണ്. യുവജനങ്ങളെ ശാക്തീകരിക്കാനുള്ള പദ്ധതികളാവിഷ്കരിക്കുന്നതിന് പകരം ലഹരിയിൽ തളർത്താനുള്ള ശ്രമം അപലപനീയമാണെന്നും വിസ്ഡം യൂത്ത് അഭിപ്രായപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി അധ്യക്ഷത വഹിച്ചു. മെയ് 7ന് നടക്കുന്ന വിസ്ഡം യൂത്ത് 'വിർച്വൽ സമ്മിറ്റ്,' മെയ് 10ന് നടക്കുന്ന 'യുവപഥം' എന്നിവയ്ക്ക് അന്തിമ രൂപം നൽകി.

സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ അഹ്മദ് സ്വലാഹി, മുജീബ് ഒട്ടുമ്മൽ, ഡോ: പി.പി നസീഫ്, ഡോ: പി.എൻ ഷബീൽ, യു.മുഹമ്മദ് മദനി, അബ്ദുല്ല ഫാസിൽ, ഒ. മുഹമ്മദ് അൻവർ, അനിൽ പ്രിംറോസ്, ജംഷീർ സ്വലാഹി, നിഷാദ് സലഫി പ്രസംഗിച്ചു.

# ദൈവപ്രീതി നേടാൻ കുറുക്കു വഴികളില്ല

പരിശുദ്ധ റമദാൻ മാസം സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം സ്രഷ്ടാവിലേക്ക് കൂടുതൽ അടുക്കുവാനുള്ള സുവർണാവസരമാണ്. കാരണം ആരാധനകൾക്ക് ഇരട്ടിയിരട്ടിയായി പ്രതിഫലം ലഭിക്കുന്ന മാസമാണിത്. അവസാനത്തെ പത്തിലെ ലൈലതുൽ ക്വദ്റിന്റെ രാവാകട്ടെ ആയിരം മാസത്തെക്കാൾ പുണ്യമേറിയതും. അല്ലാഹു ഓഫറുകളുടെ കവാടം തുറന്നുവച്ചിരിക്കുകയാണ്. നമ്മൾ ഒരുക്കമുണ്ടോ എന്നതാണ് ചോദ്യം. ഈ വർഷം ലോക്ക് ഡൗൺ കാലത്തെ റമദാനായതിനാൽ ആരാധനകളിൽ മുഴുകുവാൻ കൂടുതൽ സമയം ലഭിക്കും.

ദൈവത്തെക്കുറിച്ചുള്ള സങ്കൽപങ്ങളിലും വിശ്വാസങ്ങളിലും വൈജാത്യമുണ്ടെങ്കിലും ദൈവസാമീപ്യം നേടുവാൻ കൊതിക്കാത്തവരില്ല. എന്നാൽ ദൈവവുമായി അടുക്കുവാനുള്ള മാർഗങ്ങൾ സ്വീകരിക്കുന്നതിൽ വിത്യസ്ത മതക്കാർക്കിടയിൽ വിഭിന്നമായ കാഴ്ചപ്പാടുകളാണുള്ളത്. വീട്, കുടുംബം, ഭാര്യ, മക്കൾ ഇങ്ങനെയുള്ളവയെല്ലാം ആത്മീയോത്കർഷത്തിന് തടസ്സമാണ്; അതുകൊണ്ട് അതൊന്നുമില്ലാതെ ജീവിക്കലാണ് ഉത്തമം എന്നു പറഞ്ഞ് അതിൽനിന്നെല്ലാം ഒഴിവായ ജീവിതം നയിക്കുന്നവരുണ്ട്. എന്നാൽ ഇസ്‌ലാം ഇത്തരത്തിലുള്ള മാർഗം അംഗീകരിക്കുന്നില്ല. മാനുഷികമായ വികാര-വിചാരങ്ങൾ അടിച്ചമർത്തിയും എല്ലാവിധ ബന്ധങ്ങളിൽനിന്നും മോചനം നേടിയും ദൈവവുമായി അടുക്കുവാൻ പറയുന്നുമില്ല.

ഭൗതികമായി അനുവദിക്കപ്പെട്ടതെല്ലാം സ്വീകരിച്ചുകൊണ്ടുതന്നെ ദൈവഭക്തരായി മാറാം എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ബന്ധങ്ങളിൽനിന്നെല്ലാം മോചിതരായാലേ യഥാർഥ ഭക്തരും ദൈവപ്രീതി ലിക്കുന്നവരുമായി മാറൂ എന്നില്ല. ബന്ധങ്ങളെല്ലാം മുറുകെ പിടിച്ചുകൊണ്ടുതന്നെ പ്രമാണബദ്ധമായി ഇസ്‌ലാമിന്റെ മാർഗം പിന്തുടരുകയാണ് വേണ്ടത്.

എങ്ങനെയൊക്കെയാണ് ഒരു സത്യവിശ്വാസിക്ക് തന്റെ സ്രഷ്ടാവുമായി കൂടുതൽ അടുക്കുവാൻ സാധിക്കുക? അല്ലാഹു പറഞ്ഞതായി നബിﷺ പറയുന്നു: "....എന്റെ അടിമക്ക് ഞാൻ നിർബന്ധമാക്കിയിട്ടുള്ള കർമങ്ങളെക്കാൾ എനിക്കിഷ്ടമുള്ള യാതൊന്നും അവന്ന് എന്റെ സാമീപ്യം നേടാൻ ഉപയുക്തമായതായിട്ടില്ല. ഐഛികമായ ആരാധനകൾ മുഖേന എന്റെ അടിമ എന്നോട് അടുത്തുകൊണ്ടേയിരിക്കും. അങ്ങനെ ഞാനവനെ സ്നേഹിക്കും. ഞാൻ സ്നേഹിച്ചു കഴിഞ്ഞാൽ പിന്നെ, അവൻ കേൾക്കുന്ന കാതും കാണുന്ന കണ്ണും പിടിക്കുന്ന കയ്യും നടക്കുന്ന കാലും ഞാനായിരിക്കും. എന്നോടവൻ ചോദിച്ചാൽ ഞാനവന്ന് ഉത്തരം നൽകും. അഭയം തേടിയവൽ ഞാനവന്ന് അഭയം നൽകും" (ബുഖാരി).

സ്രഷ്ടാവ് തൻെറ ദാസർക്ക് നിർബന്ധമാക്കിയ കുറെ ആരാധനാകർമങ്ങളുണ്ട്. ഐഛികമായി ചെയ്യാവുന്ന കർമങ്ങളുമുണ്ട്. മുഹമ്മദ് നബിﷺ അവയെല്ലാം തന്റെ ജീവിതത്തിലൂടെ പ്രാവർത്തികമാക്കി കാണിച്ചുതന്നിട്ടുണ്ട്. ഏകനായ സ്രഷ്ടാവിലും മറ്റു വിശ്വാസ കാര്യങ്ങളിലും അചഞ്ചലമായി വിശ്വസിക്കുകയും ആ സ്രഷ്ടാവിന്റെ മഹത്തായ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് സൽകർമ നിരതരാവുകയും ചെയ്യുക എന്നതാണ് ഒരു വിശ്വാസിയുടെ ബാധ്യത. അല്ലാഹുവുമായി അടുക്കുവാനുള്ള മാർഗവും അതുതന്നെ. അക്കൂട്ടരെയത്രെ അല്ലാഹു സ്നേഹിക്കുന്നത്.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഒരു വിശ്വാസി ഇസ്‌ലാമിക മൂല്യങ്ങൾ മുറുകെ പിടിക്കേണ്ടതുണ്ട്. പിതാവ്, മാതാവ്, ഭാര്യ, ഭർത്താവ്, പുത്രൻ, അയൽവാസി... ഓരോ വ്യക്തിയും ഇങ്ങനെ പലതുമാണ്. സ്രഷ്ടാവിനോടുള്ള കടമ നിർവഹിക്കുന്നതിനോടൊപ്പം സൃഷ്ടികളിൽ ഓരോരുത്തരോടുമുള്ള കടമയും നിർവഹിക്കേണ്ടതുണ്ട്. തിന്മകളുടെ മലവെള്ളപ്പാച്ചിലിൽ ആ ഒഴുക്കിനെതിരെ നീന്തുന്നവനാണ് യഥാർഥ ഭക്തൻ അഥവാ ദൈവസാമീപ്യം അർഹിക്കുന്നവൻ.

സയ്യിദ് സഅ്ഫർ സ്വാദിഖ്
sahfarsadik@gmail.com




# ബദ്‌റും ബദ്‌രീങ്ങളും

അല്ലാഹുവിങ്കൽ സ്വീകാര്യമായ മതമാണ് ഇസ്‌ലാം, മുഴുവൻ പ്രവാചകന്മാരും ലോകത്തെ പഠിപ്പിച്ച ദൈവിക മതം. ഏകദൈവാരാധനയാണ് അതിന്റെ അടിത്തറ. ആരാധനയുടെ മുഴുവൻ കാര്യങ്ങളും പ്രപഞ്ചനാഥനായ അല്ലാഹുവിന് സമർപ്പിക്കുന്നതിലൂടെ ഒരാൾക്ക് മുസ്‌ലിമായി തീരുവാൻ സാധിക്കും. ഇസ്‌ലാമിന്റെ പൂർത്തീകരണം മുഹമ്മദ് നബിﷺയിലൂടെയാണ് നടന്നത്. അവസാന നാൾ വരെയുള്ള മുഴുവൻ മനുഷ്യർക്കും മാർഗദർശനമായിക്കൊണ്ടാണ് ഇസ്‌ലാം അവതരിച്ചത്. അതിന്റെ പ്രമാണങ്ങളാണ് വിശുദ്ധ ക്വുർആനും തിരുസുന്നത്തും.

ഇസ്‌ലാമിന്റെ അടിത്തറ ഏകദൈവാരാധനയാണെന്ന് നാം പറഞ്ഞുവല്ലോ. അതാണ് തൗഹീദ്. മുഴുവൻ പ്രവാചകന്മാരും പഠിപ്പിച്ച അടിസ്ഥാനപരമായ കാര്യം. അവസാനത്തെ പ്രവാചകനായ മുഹമ്മദ്ﷺയും മക്കയിൽ പതിമൂന്ന് വർഷം വളരെ പ്രയാസങ്ങൾ സഹിച്ച്, പീഡനങ്ങൾ അനുഭവിച്ച് തൗഹീദിലേക്ക് തന്റെ ജനതയെ ക്ഷണിച്ചു, പക്ഷേ, ജനത അദ്ദേഹത്തിന് പകരം നൽകിയത് അക്രമവും ശകാരവും ആക്ഷേപവും പരിഹാസവുമായിരുന്നു. ശത്രുക്കൾ പീഡനങ്ങൾ കൊണ്ടും പ്രീണനങ്ങൾ കൊണ്ടും അദ്ദേഹത്തെ അതിൽനിന്ന് പിന്തിരിപ്പിക്കുവാൻ

പരമാവധി ശ്രമിച്ചു. പക്ഷേ, അതെല്ലാം സഹിച്ച് തന്റെ ദൗത്യവുമായി മുന്നോട്ട് പോയി. അവസാനം പ്രവാചകൻﷺ സ്വന്തം ജന്മനാട് ഉപേക്ഷിക്കുവാൻ അല്ലാഹുവിന്റെ അനുമതിയോടെ തീരുമാനിച്ചു. അങ്ങനെ സുപ്രധാനമായ ഹിജ്റ (മക്കയിൽ നിന്നും മദീനയിലേക്കുള്ള പലായനം) സംഭവിച്ചു. ശേഷം അല്ലാഹു തന്നിൽ ഏൽപിച്ച ഉത്തരവാദിത്ത നിർവഹണവുമായി നബിﷺ മദീനയിൽ കഴിഞ്ഞ് കൂടി.

### യുദ്ധത്തിനുള്ള കാരണം

മക്കക്കാർ ശാമിലേക്ക് കച്ചവടത്തിനായി പോകാറുണ്ട്. ഒരിക്കൽ അവർ കച്ചവടം കഴിഞ്ഞ് ലാഭവുമായി മടങ്ങിവരുന്ന സമയമായപ്പോൾ പ്രവാചകൻﷺ ത്വൽഹതുബ്നു ഉബൈദില്ലാഹ്ؓ, സഈദ്ബ്നു സൈദ്ؓ എന്നിവരെ കച്ചവട സംഘത്തെ നിരീക്ഷിക്കുവാനായി നിയോഗിച്ചു. അങ്ങനെ അബൂസുഫ്യാൻ കച്ചവട സംഘവുമായി മടങ്ങിവരുന്നത് കണ്ടയുടനെ അവർ പ്രവാചകന്റെയടുത്ത് പോയി വിവരം അറിയിച്ചു. കച്ചവട സംഘത്തോടൊപ്പം പ്രത്യേകിച്ച് കാവൽക്കാരൊന്നുമില്ല, ഏകദേശം നാൽപതാളുകൾ മാത്രമേയുള്ളൂ. ആയിരത്തോളം വരുന്ന മൃഗങ്ങളുടെ പുറത്തായിരുന്നു അവരുടെ ചരക്കുകൾ വഹിച്ചിരുന്നത്. ഈ ചരക്കുകളെല്ലാം മക്കയിലെത്തിയാൽ അവർ അതെല്ലാം ഉപയോഗിച്ച് പ്രവാചകനെയും മുസ്‌ലിംകളെയും ഉപദ്രവിക്കുമെന്ന് മനസ്സിലാക്കിയ പ്രവാചകൻ തന്റെ അനുചരന്മാരോട് അവ പിടിച്ചെടുക്കുവാൻ കൽപിച്ചു. എന്നാൽ മുസ്‌ലിംകൾ ഒരുങ്ങിപ്പുറപ്പെട്ടപ്പോഴേക്ക് അബൂസുഫ്‌യാനും കൂട്ടുകാരും മറ്റൊരു വഴിയിലൂടെ മക്കയിലേക്ക് രക്ഷപ്പെടുകയും ചെയ്തു. പക്ഷേ, മുസ്‌ലിംകളോട് പകരം വീട്ടണമെന്ന ഉറച്ച തീരുമാനത്തിൽ അവർ സൈന്യത്തെ തയ്യാറാക്കുകയും അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ മദീനയിലേക്ക് പുറപ്പെടുകയും ചെയ്തു. ഇത് മനസ്സിലാക്കിയ പ്രവാചകനും സ്വഹാബികളും അവരെ നേരിടുവാനായി ഒരുങ്ങുകയും ചെയ്തു. ഇങ്ങനെയാണ് ബദ്ർ യുദ്ധം ഉണ്ടാകുന്നത്.

### സൈന്യങ്ങൾ

മുസ്‌ലിം സൈന്യത്തിൽ ഏകദേശം 319 (313, 314, 317 എന്നിങ്ങനെ അഭിപ്രായ വ്യത്യാസമുണ്ട്) പേരായിരുന്നു ഉണ്ടായിരുന്നത്. അവരുടെ കൂടെ ഒന്നോ രണ്ടോ കുതിരയും 70 ഒട്ടകങ്ങളുമുണ്ടായിരുന്നു. മൂന്നാളുകൾ വീതമായിരുന്നു ഓരോ വാഹനത്തിന്റെയും പുറത്ത് മാറി മാറി സഞ്ചരിച്ചിരുന്നത്. പ്രവാചകനുംﷺ അലിؓയും മർഥദ്ബ്നുമർഥദുംؓ ഒരു മൃഗത്തെ വാഹനമായി ഉപയോഗിച്ചു.

മുശ്‌രിക്കുകളുടെ സൈന്യത്തിലെ ആൾബലം ഏകദേശം 1300 ആയിരുന്നു. അവരോടൊപ്പം 100 കുതിരകളും 600 പടയങ്കിയും ധാരാളം ഒട്ടകങ്ങളും ഉണ്ടായിരുന്നു. സൈന്യത്തിന് പൊതുവായ നേതൃത്വം നൽകിയത് അബൂജഹ്ൽ ആയിരുന്നു.

### എന്തിന് യുദ്ധം നടന്നു?

യഥാർഥത്തിൽ നാം മനസ്സിലാക്കേണ്ടത് എന്തിനു വേണ്ടിയാണ് ബദ്ർ യുദ്ധം നടന്നത് എന്നാണ്. അത് ഒരു രാഷ്ട്രം പിടിച്ചെടുക്കുവാനോ, രാജാവാകുവാനോ, സമ്പത്ത് പിടിച്ചെടുക്കുവാനോ അല്ലായിരുന്നു. അല്ലാഹുവിനെ മാത്രമെ നിങ്ങൾ ആരാധിക്കുവാൻ പാടുള്ളൂ എന്ന ശുദ്ധമായ തൗഹീദിന്റെ വചനം മക്കയിൽ പതിമൂന്ന് വർഷം പ്രബോധനം ചെയ്തപ്പോൾ ശത്രുക്കൾക്ക് ഉൾകൊള്ളുവാൻ കഴിഞ്ഞില്ല, ഈ ആശയത്തെ തകർക്കുവാനായി അവർ കഴിയുംവിധം പരിശ്രമിച്ചു. അങ്ങനെ പ്രവാചകനും സ്വഹാബികളും തങ്ങളുടെ പ്രബോധന ദൗത്യവുമായി സുരക്ഷിത താവളമായ മദീനയിലേക്ക് ഹിജ്റ പോയി. അവിടെയും തൗഹീദിനെതിരിലുള്ള അക്രമത്തിന് ഒരുങ്ങിവന്ന മുശ്‌രിക്കുകളോടാണ് പ്രവാചകനും അനുയായികളും ഈമാനിന്റെ ശക്തികൊണ്ട് പടപൊരുതിയത്. അബൂജഹ്ൽ കഅ്ബയുടെ കില്ല പിടിച്ചുകൊണ്ട് അല്ലാഹുവിനോട് പ്രാർഥിച്ചത് നമുക്ക് ചരിത്ര ഗ്രന്ഥങ്ങളിൽ കാണാം. 'അല്ലാഹുവേ, ബദ്റിന്റെ താഴ്‌വരയിൽ സത്യത്തിന്റെ ആളുകളെ നീ വിജയിപ്പിക്കേണമേ' എന്നായിരുന്നു അബൂജഹ്‌ലിന്റെ പ്രാർഥന. ഇവിടെ അബൂജഹ്ൽ പ്രാർഥിച്ചത് അല്ലാഹുവിനോടാണ്. എന്നാൽ മറ്റുള്ള സന്ദർഭങ്ങളിൽ അവർ അല്ലാഹുവല്ലാത്തവരോടും പ്രാർഥിച്ചിരുന്നു, നേർച്ചയും വഴിപാടുകളും അർപ്പിച്ചിരുന്നു.

എന്നാൽ അല്ലാഹുവിന്റെ റസൂലും സ്വഹാബികളും പറഞ്ഞത് അല്ലാഹുവിന് മാത്രമെ ആരാധനകൾ അർപ്പിക്കാവൂ, അവനോട് മാത്രമെ നിങ്ങൾ പ്രാർഥിക്കാവൂ എന്നാണ്. ഈ രണ്ട് വിശ്വാസങ്ങളാണ് ബദ്റിന്റെ താഴ്‌വരയിൽ ഏറ്റുമുട്ടിയത്. തൗഹീദിൽ അടിയുറച്ചുനിന്ന മുഹമ്മദ് നബിﷺക്കും സ്വഹാബികൾക്കുമാണ് അവിടെ അല്ലാഹുവിന്റെ സഹായമുണ്ടായത്, വിജയമുണ്ടായത്. ആയുധബലം കൊണ്ടോ സംഘബലം കൊണ്ടോ അല്ല ബദ്റിൽ മുസ്‌ലിംകൾക്ക് വിജയം ഉണ്ടായത്. തൗഹീദിന്റെ തെളിമയാർന്ന വിശ്വാസമെന്ന ആയുധം അവരുടെ മനസ്സുകളിൽ രൂഢമൂലമായപ്പോൾ ആ വി

ശ്വാസത്തെ ശത്രുക്കളുടെ സംഘബലത്തിനോ ആയുധ ബലത്തിനോ അതിജയിക്കുവാൻ സാധിച്ചില്ല. ഇതാണ് സത്യം.

അല്ലാഹുവിനോട് മാത്രം വിളിച്ച് പ്രാർഥിച്ചിരുന്നവരും അല്ലാഹുവിനോടു കൂടെ മറ്റുള്ളവരോടും പ്രാർഥിച്ചിരുന്നവരും തമ്മിലാണ് ബദ്ർ യുദ്ധം നടന്നത് എന്ന് മുകളിൽ സൂചിപ്പിച്ചു.

അബ്ദുല്ലാഹ് ഇബ്നു ഥഅ്ലബബ്നു സ്വുഐറിൽ നിന്നും നിവേദനം: അബൂജഹ്ൽ രണ്ട് സൈന്യങ്ങളും നേർക്കുനേർ കണ്ടുമുട്ടിയപ്പോൾ പറയുകയുണ്ടായി: "അല്ലാഹുവേ, അവൻ ഞങ്ങളുടെ കുടുംബബന്ധം മുറിച്ചിരിക്കുന്നു, ഞങ്ങൾക്കറിയാത്ത ഒരു കാര്യമാണ വൻ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് അവനെ നാളെ പ്രഭാതത്തിൽ നീ നിന്ദിക്കേണമേ..." (അഹ്മദ്).

അബൂജഹ്ൽ അല്ലാഹുവിനോടാണ് ഈ സന്ദർഭത്തിലും പ്രാർഥിച്ചത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

പ്രവാചകൻﷺ പ്രാർഥിച്ചത് കാണുക: ഉമറുബ്നുൽ ഖത്വാബ്ؓ പറഞ്ഞു: "ബദ്ർ യുദ്ധ ദിവസം പ്രവാചകൻﷺ മുശ്‌രിക്കുകളുടെ സൈന്യത്തെ നോക്കി. അവർ ആയിരത്തോളം പേരും തിരുമേനിയും കൂട്ടുകാരും 319 പേരുമായിരുന്നു. അങ്ങനെ പ്രവാചകൻﷺ ക്വിബ്‌ലയിലേക്ക് മുന്നിട്ട് തന്റെ രണ്ടു കൈകളും നീട്ടി റബ്ബിനോട് പ്രാർഥിക്കുകയാണ്: 'അല്ലാഹുവേ, നീ എനിക്ക് വാഗ്ദാനം നൽകിയത് പൂർത്തീകരിച്ച് തരേണമേ. അല്ലാഹുവേ, എനിക്ക് നീ വാഗ്ദാനം നൽകിയത് നീ നൽകേണമേ. അല്ലാഹുവേ, ഇസ്‌ലാമിന്റെ ഈ കൊച്ചുസംഘത്തെ നീ നശിപ്പിക്കുകയാണെങ്കിൽ ഈ ഭൂമിയിൽ കൃത്യമായ രൂപത്തിൽ ഒരിക്കലും നീ ആരാധിക്കപ്പെടുകയില്ല.' നബിﷺ കൈകൾ നീട്ടി ക്വിബ്‌ലയിലേക്ക് മുന്നിട്ടുകൊണ്ട് പ്രാർഥിച്ചുകൊണ്ടേയിരുന്നു. തന്റെ ചുമലിലുണ്ടായിരുന്ന തട്ടംവരെ താഴെ വീഴുകയുണ്ടായി. അബൂബക്കർؓ വന്ന് അത് തിരുമേനിയുടെ ചുമലിലേക്ക് തന്നെ വെക്കുകയും പിന്നിൽ നിന്നുകൊണ്ട് (ഇപ്രകാരം) പറയുകയുമുണ്ടായി: 'അല്ലാഹുവിന്റെ തിരുദൂതരേ, താങ്കളുടെ രക്ഷിതാവിനോടുള്ള സംസാരം മതിയാക്കുക. തീർച്ചയായും അല്ലാഹു താങ്കൾക്ക് വാഗ്ദാനം നൽകിയിട്ടുള്ളത് നൽകുകതന്നെ ചെയ്യുന്നതാണ്.' അപ്പോഴാണ് ഈ ആയത്ത് ഇറങ്ങിയത്: 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെ തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്ക് മറുപടി നൽകി' (8:9). അല്ലാഹു മലക്കുകളെ ഇറക്കിക്കൊണ്ട് തിരുമേനിയെ സഹായിച്ചു..."(മുസ്‌ലിം).



അല്ലാഹുവിനോട് മാത്രം പ്രാർഥിച്ചവർക്കാണ് ബദ്റിൽ വിജയവും അല്ലാഹുവിന്റെ സഹായവും ലഭിച്ചത്. ബദ്റിൽ പങ്കെടുത്തവർക്കാണ് ബദ്‌രീങ്ങളെന്ന് നാം പറയുന്നത്. അവർ അല്ലാഹുവിനോട് മാത്രമാണ് പ്രാർഥിച്ചിരുന്നത്. എന്നാൽ ഖേദകരമെന്ന് പറയട്ടെ, ഈ ബദ്‌രീങ്ങളോട് തന്നെ വിളിച്ച് പ്രാർഥിക്കുന്ന ദാരുണമായ അവസ്ഥയിലേക്ക് മുസ്‌ലിം സമൂഹം അധഃപതിച്ചിരിക്കുന്നു. ബദ്‌രീങ്ങളുടെ പേരിൽ മൗലൂദ് ഉണ്ടാക്കുകയും അതിലൂടെ അവരോട് വിളിച്ച് പ്രാർഥിക്കുകയും അവരുടെ നാമങ്ങളാണ് എന്ന് പറഞ്ഞ് കുറേ നാമങ്ങൾ കെട്ടിയുണ്ടാക്കുകയും അത് കടകളിൽ തൂക്കിയിട്ടുകൊണ്ട് അനുഗ്രഹം തേടുകയും ചെയ്യുന്നു. ബദ്ർ യുദ്ധത്തിന് ശേഷം പ്രവാചകനോ സ്വഹാബത്തോ ഇങ്ങനെ ചെയ്തിട്ടുണ്ടോ? ഒരിക്കലുമില്ല! ഒരാൾ അല്ലാഹുവല്ലാത്തവരോട് പ്രാർഥിച്ചാൽ അവന് ഇസ്‌ലാമിൽ സ്ഥാനമില്ല. അത് പ്രവാചകന്മാരോടോ, സ്വഹാബാക്കളോടോ, ബദ്‌രീങ്ങളോടോ ആരോടായിരുന്നാലും ശരി; അത് ശിർക്കാണ്. ശിർക്ക് ചെയ്യുന്നവന് ഇസ്‌ലാമിൽ സ്ഥാനമില്ലായെന്ന് നാം ഓർക്കുക. ഇസ്‌ലാമിക പ്രമാണങ്ങൾ അത് നമ്മെ പഠിപ്പിക്കുന്നു.

### ബദ്ർ മൗലൂദ്

ആരോ കെട്ടിയുണ്ടാക്കിയ ബദ്ർ മാലയിൽ നമുക്ക് ഇങ്ങനെ കാണാവുന്നതാണ്:

"യല്ലാ ബലാലും ആഫത്തും
എടങ്ങേറുകൾ മുസ്വീബത്തും
ബദ്‌രീങ്ങളെ ബറകത്തിനാൽ
എമെയ് കാക്കണം യാ റബ്ബനാ.
ദണ്ണം വബാ വസൂരിയും
മറ്റുള്ള ദീനം അടങ്കലും
ബദ്‌രീങ്ങളെ ബറകത്തിനാൽ
ശിഫയാക്കണം യാ റബ്ബനാ.
ദാഹം മൗത്തത് കൂട്ടിടും
ഇബ്‌ലീസ് കൂസിനെ കാട്ടിടും
നേരം ലഈൻ അവനാട്ടുവാൻ
ബദ്‌രീങ്ങളാൽ തുണ റബ്ബനാ."

ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വസൂരി, കോളറ പോലുള്ളവയും മറ്റു രോഗങ്ങളും വരുമ്പോൾ ബദ്‌രീങ്ങളുടെ ബറകത്തിനാൽ ഞങ്ങളുടെ രോഗം ശിഫയാക്കണമേ ഞങ്ങളുടെ രക്ഷിതാവേ. മരണം വന്നെത്തുന്ന സമയത്ത് ശല്യമുണ്ടാക്കുന്ന ശപിക്കപ്പെട്ട പിശാചിനെ ആട്ടുവാൻ ബദ്‌രീങ്ങളുടെ തുണ നൽകേണമേ ഞങ്ങളുടെ രക്ഷിതാവേ എന്നൊക്കെ പ്രാർഥിക്കുവാനാണ് ഈ വരികളിലൂടെ പറയുന്നത്. 'ബദ്‌രീങ്ങളുടെ ബറകത്തിനാൽ ഞങ്ങളെ നീ രക്ഷിക്കേണമേ' എന്ന രൂപത്തിലുള്ള പ്രാർഥന പ്രവാചകനോ സ്വഹാബികളോ നടത്തിയിട്ടുണ്ടോ? ഒരിക്കലുമില്ല! ബദ്‌രീങ്ങളുടെ നേതാവാണല്ലോ നബിﷺ. ആ പ്രവാചകൻ നമുക്ക് അങ്ങനെയുള്ള ഒരു പ്രാർഥന പഠിപ്പിച്ച് തന്നിട്ടുണ്ടോ? ഒരിക്കലുമില്ല. ഇത് അപകടകരമായ കാര്യമാണ്. മതത്തിൽ നിന്ന് തന്നെ പുറത്താക്കുന്ന ശിർക്കിലേക്ക് എത്തിക്കുന്നതുമാണ്. എന്നാൽ ഇതൊന്നുമറിയാത്ത പാമരജനങ്ങൾ നേരിട്ട് ബദ്‌രീങ്ങളോട് വിളിച്ചുതേടുന്നത് പോലും നമ്മുടെ നാട്ടിൽ സാധാരണയാണ്.

ബദ്ർ യുദ്ധം കഴിഞ്ഞിട്ട് പ്രവാചകനും സ്വഹാബികളും എത്രമാത്രം പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമാണ് അഭിമുഖീകരിച്ചത്! ഏതെങ്കിലും സന്ദർഭത്തിൽ അവർ അല്ലാഹുവിനെയല്ലാതെ വിളിച്ച് പ്രാർഥിച്ചുവോ? അവരുടെ ബറകത്തിനാൽ രക്ഷതരണേ എന്ന് പ്രാർഥിച്ചുവോ? ഒരിക്കലുമില്ല, പ്രവാചകനും സ്വഹാബികൾക്കും രോഗം വന്നില്ലേ? ആ സന്ദർഭത്തിൽ അവർ ബദ്‌രീങ്ങളോട് വിളിച്ച് പ്രാർഥിച്ചുവോ? ഒരിക്കലുമില്ല! മാത്രമല്ല, ബദ്‌രീങ്ങളിൽ പെട്ട ഒരുപാട് സ്വഹാബികൾ വസൂരിയും കോളറയും പിടിപെട്ടാണ് മരിച്ചതെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു! സ്വശരീരത്തിന് വരുന്ന രോഗങ്ങൾ തടുക്കുവാൻ ബദ്‌രീങ്ങൾക്ക് അവരുടെ ജീവിതകാലത്ത് സാധ്യമല്ലായെങ്കിൽ പിന്നെയെങ്ങിനെ മരണപ്പെട്ട് നൂറ്റാണ്ടുകൾക്ക് ശേഷം നമുക്ക് വസൂരിയും കോളറയും മറ്റും വരുമ്പോൾ അവർക്ക് തടുക്കുവാൻ കഴിയും? ചിന്തിക്കുക.

കടം വീടുവാനും ലാഭമുണ്ടാകുവാനും വേണ്ടി കടകളിലും വീടുകളിലും ബദ്‌രീങ്ങളുടെ പേരുകൾ തകിടിലും മറ്റും എഴുതി തൂക്കിയിടുന്ന അന്ധവിശ്വാസം ചിലർക്കിടയിൽ കാണാവുന്നതാണ്. ബദ്‌രീങ്ങളുടെ നേതാവായ മുഹമ്മദ് നബിﷺയുടെ അവസ്ഥ നാം ശരിക്കും പഠിച്ചറിയുക. തിരുമേനി മരിച്ചപ്പോൾ തനിക്കുണ്ടായിരുന്ന ഒരു പടയങ്കി കുറച്ച് ഗോതമ്പിന് വേണ്ടി ഒരു ജൂതന്റെ കയ്യിൽ പണയത്തിലായിരുന്നു വെന്ന സംഭവം അറിയുന്നവർക്ക് എങ്ങനെ ഈ കാര്യം ചെയ്യാൻ സാധിക്കും? തിരുമേനിﷺ മരിക്കുന്നതിന്റെ ഒരു ദിവസം മുമ്പ് വീട്ടിൽ വിളക്ക് കത്തിക്കുവാൻ എണ്ണയില്ലാത്തതിനാൽ അടുത്ത വീട്ടിൽ നിന്ന് കടം വാങ്ങിയിട്ടാണ് വിളക്ക് കത്തിച്ചതെന്ന് നമ്മുടെയെല്ലാം ഉമ്മയായ പ്രവാചക പത്നി ആഇശ(റ) പറയുന്നതായി ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. അതുപോലെ പാകം ചെയ്യുവാൻ ഒന്നുമില്ലാഞ്ഞിട്ട് ഒന്നോ രണ്ടോ മാസം വരെ തിരുമേനിﷺയുടെ വീട്ടിലെ അടുപ്പിൽ നിന്ന് പുകയുയർന്നിരുന്നില്ലെന്ന് പ്രവാചക പത്നിമാർ പറഞ്ഞത് ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം. പിന്നെയെങ്കിനെ നാം നമ്മുടെ കടം വീടുവാനായി ബദ്‌രീങ്ങളുടെ പേരുകൾ എഴുതി കെട്ടിത്തൂക്കിയിടും? അതുകൊണ്ട് എന്തു ഫലം?

അപ്പോൾ ഇസ്‌ലാം ദീനിനെ സ്നേഹിക്കുന്ന, നബിﷺയുടെയും സ്വഹാബത്തിന്റെയും പാത പിൻപറ്റുന്ന ആളുകൾക്ക് ഒരിക്കലും ഈ ബദ്ർ മാലപാരായണം ചെയ്യാൻ കഴിയില്ല. ബദ്‌രീങ്ങളോട് പ്രാർഥിക്കുവാനോ ബദ്ർ യുദ്ധം നടന്ന പരിശുദ്ധ റമദാൻ മാസത്തിൽ ബദ്‌രീങ്ങളുടെ ആണ്ട് കഴിക്കുവാനോ നമുക്ക് യാതൊരു തെളിവുമില്ല. തൗഹീദിന്റെ മാർഗത്തിലാണ് നബിയും സ്വഹാബത്തും മുശ്‌രിക്കുകളോട് പടവെട്ടിയത്. അതുകൊണ്ട് തന്നെ ബദ്‌രീങ്ങളോട് സ്നേഹമുള്ളവർ ബദ്ർ മൗലൂദ് കഴിക്കുകയല്ല വേണ്ടത്, മറിച്ച് അവർ ഏതൊരു ആദർശമാണോ സ്വീകരിച്ചത് ആ ആദർശം സ്വീകരിക്കുകയും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വിപത്തുകളും അഭിമുഖീകരിച്ചപ്പോൾ ആരോടായിരുന്നോ അവർ പ്രാർഥിച്ചിരുന്നത് അവനോട് മാത്രം പ്രാർഥിക്കുകയുമാണ് വേണ്ടത്. എങ്കിലേ ബദ്‌രീങ്ങൾ പോകുന്ന സ്വർഗത്തിൽ നമുക്കും പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com






# അമാനി തഫ്‌സീർ: രചനയും ആധികാരികതയും

**ഇസ്‌ലാഹി പ്രസ്ഥാനം മലയാളികൾക്ക് നൽകിയ ഏറ്റവും വലിയ സംഭാവനയേതെന്ന് ചോദിച്ചാൽ രണ്ടാമതൊന്നാലോചിക്കാതെ പറയാൻ കഴിയും അമാനി മൗലവിയുടെ ക്വുർആൻ പരിഭാഷയെന്ന്. റഫറൻസിനായി ഇന്നത്തെ സൗകര്യങ്ങളൊന്നുമില്ലാതിരുന്ന അക്കാലത്ത് ഒരു പുരുഷായുസ്സ് മുഴുവൻ തഫ്‌സീർ രചനക്കായി മാറ്റിവെച്ച മുഹമ്മദ് അമാനി മൗലവിയുടെ ത്യാഗസന്നദ്ധത ചരിത്രത്തിന്റെ തങ്കലിപികളിൽ ഉല്ലേഖനം ചെയ്യപ്പെടേണ്ടതാണ്.**


മാനവരാശിക്ക് ശരിയായ മാർഗദർശനത്തിന്റെയും സത്യാസത്യ വിവേചനത്തിന്റെയും തെളിവുകളായിട്ടാണ് പുണ്യ റമദാൻ മാസത്തിൽ വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ടത്. ക്വുർആൻ കേവലം ഒരു പാരായണ ഗ്രന്ഥമല്ല; പ്രത്യുത അത് മനുഷ്യജീവിതത്തിന്റെ നിഖില മേഖലകളെയും സ്വാധീനിക്കേണ്ടുന്ന ഒട്ടനവധി ആശയസംഹിതകളുടെ സമാഹാരമാണ്. മനുഷ്യന്റെ ഇഹപര വിജയത്തിനാവശ്യമായ പ്രസ്തുത ആശയസംഹിതകൾ ശ്രദ്ധാപൂർവം ഗഹനമായി പഠിക്കാൻ ഓരോ വിശ്വാസിക്കും

ബാധ്യതയുണ്ട്. സാധാരണക്കാരായ വിശ്വാസികൾക്ക് വിശുദ്ധ ക്വുർആൻ മനസ്സിലാകണമെങ്കിൽ ക്വുർആനിന്റെ ആധികാരികമായ വ്യാഖ്യാന ഗ്രന്ഥങ്ങൾ അതാത് ഭാഷകളിൽ അനിവാര്യമാണ്. അത്തരത്തിലുള്ള ഒരു വ്യാഖ്യാന ഗ്രന്ഥമാണ് മലയാളഭാഷയിൽ വിരചിതമായ മുഹമ്മദ് അമാനി മൗലവി (1909-1987)യുടെ 'വിശുദ്ധ ക്വുർആൻ വിവരണം' അഥവാ അമാനി തഫ്സീർ.

ലോകത്ത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാകുന്നവർ ആരൊക്കെയാണെന്ന് തീരുമാനിക്കുന്നത് അല്ലാഹുവാണ്. അല്ലാഹുവിന്റെ ഗ്രന്ഥം സംസാരഭാഷയിൽ വായിച്ചു മനസ്സിലാക്കാനുള്ള അവസരം ജീവിതത്തിൽ ലഭ്യമാവുക എന്നത് അവൻ നൽകുന്ന മഹത്തായ അനുഗ്രഹങ്ങളിലൊന്നാണ്. 'വിശുദ്ധ ക്വുർആൻ വിവരണം' എന്ന ഗ്രന്ഥം ലഭിച്ചതിലൂടെ ഈയൊരു അനുഗ്രഹമാണ് മലയാളികൾക്ക് ലഭിച്ചിരിക്കുന്നത്. കേരളത്തിൽ സംഘടനാ വ്യത്യാസങ്ങൾക്കുമപ്പുറം വായിക്കപ്പെടുകയും പഠിപ്പിക്കപ്പെടുകയും ചെയ്യുന്ന ഒരു ഗ്രന്ഥമാണ് 'അമാനി തഫ്സീർ' എന്നത് അതിന്റെ സവിശേഷതയാണ്.

അമാനി തഫ്സീർ ഒരു സുപ്രഭാതത്തിൽ നമ്മുടെ കൈകളിലേക്കെത്തിയ ഒരു ഗ്രന്ഥമല്ല. മറിച്ച് അതിന്റെ പിന്നിൽ കഠിനാധ്വാനത്തിന്റെയും ജീവിത സമർപ്പണത്തിന്റെയും ഒരു വലിയ ചരിത്രമുണ്ട്. വിശുദ്ധ ക്വുർആനിന്റെ യഥാർഥ ആശയങ്ങൾ ജനങ്ങളിലേക്കെത്തിക്കുക എന്ന ദൗത്യം ജീവിത സപര്യയായി സ്വീകരിച്ച മഹാന്മാരായ ഒട്ടനവധി നിസ്വാർഥരായ പണ്ഡിതന്മാരുടെ ത്യാഗത്തിന്റെയും വിയർപ്പിന്റെയും ചരിത്രമാണ് അതിനു പറയാനുള്ളത്. ക്വുർആൻ കേവലം മരിച്ച വീട്ടിലും ക്വബ്റിനരികിലും മാത്രം പാരായണം ചെയ്തുപോന്നിരുന്ന ഒരു കാലഘട്ടം കേരളത്തിലുണ്ടായിരുന്നു. ഫാതിഹ സൂറത്ത് മാത്രം പഠിച്ചാൽ മതി, അതും അർഥം പഠിക്കേണ്ടതില്ലെന്ന കാഴ്ചപ്പാടുകൾ പുലർത്തിയിരുന്ന അന്ധകാരത്തിന്റെ കാലഘട്ടമായിരുന്നു അത്. അജ്ഞത ഇരുൾ മൂടിയിരുന്ന ആ കാലഘട്ടത്തിൽ ഏതാനും ചില മഹാന്മാർ ഒറ്റപ്പെട്ട പരിഭാഷ പരിശ്രമങ്ങൾ നടത്തി പ്രകാശം പരത്താൻ ശ്രമിച്ചെങ്കിലും ഇരുട്ടിനെ സ്നേഹിച്ചിരുന്ന പൗരോഹിത്യം അവയെ ഇല്ലായ്മ ചെയ്യാൻ അഹോരാത്രം പരിശ്രമിക്കുകയുണ്ടായി. 1870ൽ തലശ്ശേരിയിലെ കേയി കുടുംബാംഗവും കണ്ണൂർ അറക്കൽ രാജകുടുംബത്തിലെ 'പുയ്യാപ്ല'യും ആയിരുന്ന 'മായിൻകുട്ടി എളയ'യാണ് ആദ്യമായി ഒരു പരിഭാഷ പുറത്തിറക്കിയത്. തഫ്സീർ ജലാലൈനിയെ ആസ്പദമാക്കി ആറു വാള്യങ്ങളിലായി അദ്ദേഹം രചിച്ച പരിഭാഷ അറബി മലയാളത്തിലായിരുന്നു. പക്ഷേ, കാലം പിന്നിട്ടപ്പോൾ അതിന്റെ കോപ്പികൾ പൗരോഹിത്യം നശിപ്പിച്ചു. 1930ൽ കേരള ജംഇയ്യത്തുൽ ഉലമ ക്വുർആൻ സമ്പൂർണ പരിഭാഷ പുറത്തിറക്കാൻ ഒരു ശ്രമം നടത്തിയിരുന്നു. അതിനായി എം. സി. സി അബ്ദുറഹ്മാൻ മൗലവിയുടെ നേതൃത്വത്തിൽ മുസ്ലിം ലിറ്ററേച്ചർ സൊസൈറ്റി രൂപീകരിക്കുകയും ഒന്നു മുതൽ അഞ്ചുവരെയുള്ള ജുസ്ഉകൾ പരിഭാഷപ്പെടുത്തുകയും ചെയ്തു. എന്നാൽ രണ്ടോ മൂന്നോ ജുസ്ഉകൾ മാത്രമാണ് വെളിച്ചം കണ്ടത്. കെ.എം. മൗലവി, പി. കെ. മൂസ മൗലവി, കെ. എം. സീതി സാഹിബ്, പി. മുഹമ്മദ് മൈതീൻ (വക്കം) എന്നിവരെല്ലാം ഇതിൽ പങ്കാളികളായിരുന്നു.

കെ. ഉമർ മൗലവി 1959ൽ അറബി മലയാളത്തിൽ പുറത്തിറക്കിയ 'തർജുമാനുൽ ക്വുർആൻ' ആണ് പൂർണമായും പ്രസിദ്ധീകരിച്ച ക്വുർആൻ പരിഭാഷ. ഇതേ കാലഘട്ടത്തിലായിരുന്നു സി.എൻ. അഹ്മദ് മൗലവിയുടെ ക്വുർആൻ പരിഭാഷയുടെ പ്രവർത്തനവും നടന്നുവന്നിരുന്നത്. മുൻഗാമികളായ ക്വുർആൻ വ്യാഖ്യാതാക്കൾ സ്വീകരി



അമാനി മൗലവിയുടെ കൈപ്പട

ച്ചുപോന്ന അടിസ്ഥാന തത്ത്വങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് അദ്ദേഹം നടത്തിയ രചന പൊതുവിൽ ഇസ്‌ലാമിക പണ്ഡിതന്മാരുടെ വിമർശനങ്ങൾക്ക് വിധേയമായി. പ്രവാചകന്മാരുടെ അമാനുഷിക ദൃഷ്ടാന്തങ്ങൾക്ക് (മുഅ്ജിസത്തുകൾക്ക്) ഭൗതികമായ വ്യാഖ്യാനം നൽകിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ രചന സലഫുകൾ സ്വീകരിച്ചുവന്ന ശൈലികൾക്ക് കടകവിരുദ്ധമായിരുന്നു. ഒരുവശത്ത് ക്വുർആനിനോട് മുഖംതിരിച്ചു നടക്കുന്ന യാഥാസ്ഥിതിക പൗരോഹിത്യം; മറുവശത്ത് ക്വുർആനിനെ സ്വന്തം യുക്തി ഉപയോഗിച്ചുകൊണ്ട് വ്യാഖ്യാനിച്ച് ശരിയായ മാർഗത്തിൽ നിന്നും വ്യതിചലിച്ചുപോകുന്ന പുരോഗമനവാദികൾ. എന്നാൽ ഇതിനു രണ്ടിനുമിടയിലാണ് യാഥാർഥ്യം എന്ന് തിരിച്ചറിഞ്ഞ മതബോധമുള്ള ധാരാളം ഉത്പതിഷ്ണുക്കളും വിദ്യാസമ്പന്നരും മലയാളികൾക്കിടയിൽ ഉണ്ടായിരുന്നു. അവർക്ക് ദിശാബോധം നൽകാൻ സലഫുകളുടെ മാർഗത്തിൽ ഉറച്ചുനിന്നിരുന്ന ഒരുപറ്റം നിസ്വാർഥരും കർമകുശലരുമായ പണ്ഡിതകേസരികൾ അന്നുണ്ടായിരുന്നു. അവരുടെയെല്ലാം പരിശ്രമഫലമായാണ് 'അമാനി തഫ്‌സീർ' മലയാളികളുടെ കരങ്ങളിലേക്ക് എത്തിച്ചേർന്നത്.



തഫ്‌സീറിനായി വരച്ച ഭൂപടങ്ങളിൽ ഒന്ന്

കേരളം ഇസ്‌ലാമിക നവോത്ഥാനത്തിന് കേളികേട്ട നാടാണ്. ഇന്ത്യയിൽ ഏറ്റവും വലിയ ഇസ്‌ലാമിക നവോത്ഥാനം നടന്നത് കേരളത്തിലാണ് എന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. സയ്യിദ് സനാഉല്ല മക്തി തങ്ങൾ, വക്കം മൗലവി, ഹമദാനി തങ്ങൾ തുടങ്ങിയ മഹത്തുക്കളിലൂടെ തുടർന്നുവന്ന കേരള മുസ്‌ലിം നവോത്ഥാനം 1920കളിൽ നിഷ്പക്ഷസംഘം, കേരള മുസ്‌ലിം ഐക്യസംഘം, കേരള ജംഇയ്യത്തുൽ ഉലമ എന്നീ സംഘടനകൾക്ക് ബീജാവാപം നൽകി. 1930കളിൽ അതിന്റെ ദീപശിഖ കെ. എം. മൗലവി (1886-1964) സാഹിബിൽ വന്നുചേർന്നു. കേരളത്തിൽ പിന്നീടുണ്ടായ മുഴുവൻ നവോത്ഥാന സംരംഭങ്ങളുടെ പിന്നിൽ കെ.എം. മൗലവി സാഹിബിന്റെ സ്പർശനം ഉണ്ടായിരുന്നു. വിശ്വാസപരമായ ഉയർച്ച, വിദ്യാഭ്യാസ മേഖലയിലെ വളർച്ച, രാഷ്ട്രീയ ബോധത്തിലെ ഔന്നത്യം, സ്ത്രീകളുടെ സാമൂഹിക മുന്നേറ്റം തുടങ്ങിയ ഒട്ടനവധി മേഖകളിൽ കേരളീയ മുസ്‌ലിംകൾ നേടിയെടുത്ത നവോത്ഥാനത്തിൽ കെ. എം. മൗലവിയുടെ പങ്ക് നിസ്തുലമാണ്. വിശുദ്ധ ക്വുർആനിന്റെ യഥാർഥ ആശയങ്ങൾ ജനങ്ങളിൽ എത്തിച്ചുകൊണ്ടുള്ള ബൗദ്ധികവിപ്ലവം സാധ്യമാക്കാനുള്ള അഭിവാഞ്ഛ അദ്ദേഹത്തിൽ അന്തർലീനമായിരുന്നു. സാമ്പത്തികമായ പരാധീനതകൾ അനുഭവിച്ചു വന്നിരുന്ന ആ കാലത്ത് ക്വുർആനിന്റെ ബൃഹത്തായ വ്യാഖ്യാന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക എന്നത് കേവലം സ്വപ്നം മാത്രമായിരുന്നു.


എൻ. വി. അബ്ദുസ്സലാം മൗലവി അദ്ദേഹത്തെ കുറിച്ച് വിവരിക്കുന്നത് ഇങ്ങനെയാണ്: "ക്വുർആന്റെ മാതൃകയും വിവരണവും നബിﷺ തിരുമേനിയുടെ ചര്യയുടെ വെളിച്ചത്തിൽ പ്രായോഗികമാക്കാമെന്നു ലോകത്തിനു കാണിച്ചുകൊടുത്ത പൂർവികന്മാരായ മഹാ പണ്ഡിതന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടേണ്ടുന്ന ഒരാൾ നമ്മുടെ കാലത്ത് നമ്മുടെ ഒന്നിച്ച് ജീവിച്ചു എന്നതാണ് കെ.എം. മൗലവി സാഹിബിനെ സംബന്ധിച്ച വാസ്തവം. സാധാരണ മൗലവിമാർ ക്വുർആനും സുന്നത്തും പിൻപറ്റുവാൻ ഉപദേശിക്കാറുണ്ടെങ്കിലും പതിവായി ക്വുർആൻ ഓതി ചിന്തിക്കുന്നവരുടെ എണ്ണം അവരിൽ എത്രയുണ്ടെന്ന് എനിക്കറിയുകയില്ല. കെ. എം. മൗലവി ക്വുർആൻ പതിവായി ഓതുന്ന ആളായിരുന്നു. ക്വുർആൻ മുഴുവനായും അദ്ദേഹത്തിന് മനഃപാഠമുണ്ടായിരുന്നോ എന്നെനിക്കറിയുകയില്ല. ക്വുർആനിൽ ഏതൊരു ഭാഗത്തുനിന്ന് സംശയം ചോദിച്ചാലും അതിനുത്തരം പറയുവാൻ അദ്ദേഹത്തിന് വിഷമമുണ്ടാകാറില്ല. ഓരോ ആയത്തിന്റെ വ്യാഖ്യാനത്തെ പറ്റിയും പൂർവികന്മാരായ മഹാപണ്ഡിതന്മാർ സ്വീകരിച്ച വഴി ഏ

താണെന്നും എവിടെയെല്ലാമാണ് പിഴച്ച പാർട്ടികൾ ക്കബദ്ധം പറ്റിയതെന്നും അദ്ദേഹത്തിന് നന്നായറിയാമായിരുന്നു. നമ്മുടെ രാജ്യങ്ങളിലെല്ലാം ക്വുർആൻ വിവരിക്കുന്ന ദർസുകൾ ഉണ്ടായിരിക്കണമെന്ന് അദ്ദേഹം അതിയായ ആശ പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിന് ആരോഗ്യം കുറഞ്ഞുവരാൻ തുടങ്ങുന്നതിന് മുമ്പ് അദ്ദേഹം തന്നെ ക്വുർആൻ പതിവായി ജനങ്ങൾക്ക് വിവരിച്ചു കൊടുക്കാറുണ്ടായിരുന്നു" (കെ എം മൗലവി സ്മരണിക: പേജ് 21, 22, 23).

ഉമർ മൗലവിയുടേതടക്കമുള്ള ഒറ്റപ്പെട്ട പരിഭാഷകൾ ഉണ്ടായിരുന്നു എന്നതൊഴിച്ചാൽ പൗരാണികരുടെ വ്യാഖ്യാന രീതി അവലംബമാക്കിയിട്ടുള്ള ഒരു സമ്പൂർണ ക്വുർആൻ വിവരണ ഗ്രന്ഥം മലയാളത്തിൽ ഉണ്ടായിരുന്നില്ല. വളരെയധികം ഉത്പതിഷ്ണുക്കൾ ജീവിച്ചിരുന്ന കേരളത്തിൽ അവരിൽ പലരും ആഗ്രഹിച്ചിരുന്നത് ഇബ്നുകഥീർ പോലെയുള്ള ആധികാരികമായ ഒരു വ്യാഖ്യാന ഗ്രന്ഥമായിരുന്നു.

വിശുദ്ധ ക്വുർആൻ ജനങ്ങളിൽ എത്തിക്കണമെന്ന അതിയായ ആഗ്രഹം കെ.എം. മൗലവിയുടെ മനസ്സിൽ അലയടിച്ചുകൊണ്ടിരുന്ന ആ സന്ദർഭത്തിൽ 1959ൽ അദ്ദേഹത്തിന് ഒരു എഴുത്ത് ലഭിക്കുകയുണ്ടായി. ഫാറൂഖ് കോളേജ് കമ്മിറ്റി പ്രഥമ പ്രസിഡണ്ട് ആയിരുന്ന ഖാൻ ബഹദൂർ വി.കെ ഉണ്ണിക്കമ്മു സാഹിബിന്റെ മകൻ ഒലവക്കോട്ടെ കെ.പി മുഹമ്മദ് സാഹിബിന്റെതായിരുന്നു എഴുത്ത്. സാധാരണക്കാരായ മലയാളികൾക്ക് ക്വുർആനിന്റെ ആശയം മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു വ്യാഖ്യാന ഗ്രന്ഥം എഴുതിത്തരണമെന്നും അതിന്റെ പ്രസിദ്ധീകരണത്തിന് വേണ്ട എല്ലാ ചെലവുകളും അദ്ദേഹം വഹിച്ചുകൊള്ളാമെന്നുമായിരുന്നു എഴുത്തിന്റെ ഉള്ളടക്കം. കെ. എം. മൗലവിയുടെ മനസ്സ് വളരെയധികം സന്തോഷിച്ചു. തന്റെ ചിരകാല സ്വപ്നം യാഥാർഥ്യമാകുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. പക്ഷേ, ഒരു വ്യാഖ്യാന ഗ്രന്ഥം എഴുതുക അത്ര എളുപ്പമായിരുന്നില്ല. 1959ൽ കത്ത് ലഭിക്കുമ്പോൾ കെ.എം. മൗലവിക്ക് 73 വയസ്സുണ്ട്. വയോധികനായ അദ്ദേഹത്തിന് ഒറ്റയ്ക്ക് അത് നിർവഹിക്കാൻ സാധിക്കില്ല എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. മറ്റു പണ്ഡിതന്മാരുടെ സഹായവും സഹകരണവും ഉറപ്പാക്കാൻ അദ്ദേഹം തീരുമാനിച്ചു.

ഇസ്‌ലാമിക വിജ്ഞാനത്തിന് ഏറെ പ്രാമുഖ്യം നൽകിയിരുന്ന കെ.എം മൗലവി അദ്ദേഹം സ്ഥാപിച്ച തിരൂരങ്ങാടി യതീംഖാനയും അനുബന്ധ സ്ഥാപനങ്ങളും പണ്ഡിതന്മാരാൽ ധന്യമാക്കാൻ ശ്രമിച്ചിരുന്നു. യതീംഖാനയുടെ മാനേജർമാരിൽ ഭൂരിപക്ഷവും പണ്ഡിതന്മാരായിരുന്നു. 1959 മുഹമ്മദ് അമാനി മൗലവി തിരൂരങ്ങാടി യതീംഖാനയുടെ മാനേജരായി ജോലി ചെയ്യുന്ന കാലമാണ്. തിരൂരങ്ങാടി നൂറുൽ ഇസ്‌ലാം മദ്‌റസയിൽ അധ്യാപകനുമായിരുന്നു. മദ്‌റസയുടെ



മുമ്പിലുള്ള പള്ളിയുടെ ഒന്നാം നിലയിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. കെ.എം. മൗലവി ചില ദിവസങ്ങളിലൊക്കെ കുത്തനെയുള്ള കോണി കയറി വന്ന് അദ്ദേഹത്തോട് പല കാര്യങ്ങളും ചർച്ച ചെയ്തിരുന്നത് അമാനി മൗലവി അനുസ്മരിക്കുന്നുണ്ട്. 23 വയസ്സിന്റെ പ്രായവ്യത്യാസം അവർ തമ്മിലുണ്ടായിരുന്നുവെങ്കിലും അവർ തമ്മിലുണ്ടായിരുന്ന ആത്മബന്ധം വളരെ വലുതായിരുന്നു. ക്വുർആൻ വ്യാഖ്യാനം എഴുതുവാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം അമാനി മൗലവിയുമായി ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അമാനി മൗലവിക്ക് പുറമെ പി. കെ.മൂസ മൗലവി (1889-1991), എടവണ്ണ എ. അലവി മൗലവി (1911 -1976) എന്നിവരെ കൂടി ഉൾപ്പെടുത്തി പരിഭാഷ സമിതി രൂപീകരിച്ചു. കല്ലായിയിൽ കെ.പി.സഹോദരങ്ങൾ അതിനായി ഒരു ഓഫീസ് ഏർപ്പാടാക്കി. 1960 സെപ്റ്റംബർ 7ന് ബുധൻ പ്രവർത്തനം തുടങ്ങി. പ്രവർത്തനോദ്ഘാടനം നിർവഹിച്ചു കൊണ്ട് കെ. എം. മൗലവി ഇങ്ങനെ പറഞ്ഞതായി അമാനി മൗലവി അനുസ്മരിക്കുന്നു: "നിങ്ങൾ എഴുതുന്ന ഓരോ എഴുത്തിനും അല്ലാ

ഹുവിന്റെ മുമ്പിൽ ഉത്തരം നൽകേണ്ടി വരുമെന്ന ബോധത്തോടെ എഴുതണം"(കെ. എം. മൗലവി സ്മരണിക യിൽ നിന്ന്).

കെ.എം മൗലവിയുടെ നിര്യാണശേഷം, അദ്ദേഹം പറഞ്ഞ ഈ വാചകം നിറംമങ്ങാതെ അവശേഷിക്കാറുണ്ടായിരുന്നുവെന്ന് അമാനി മൗലവി പറയുകയുണ്ടായി. കെ.എം മൗലവിയുടെ മരണവാർത്ത കേട്ടപ്പോൾ ഇനി ഇങ്ങനെയൊക്കെ ഞങ്ങളോട് ഗൗരവത്തോടെ പറയാൻ ആരുണ്ട് എന്ന് മരണവാർത്ത അറിയിച്ച വ്യക്തിയോട് അമാനി മൗലവി ചോദിക്കുകയുണ്ടായി.

അൽകഹ്ഫ് മുതൽ അന്നാസ് വരെയുള്ള രണ്ടാം പകുതിയാണ് അവർ തുടങ്ങിവച്ചത്. 1961 സെപ്റ്റംബറിൽ പി. കെ. മൂസ മൗലവി അനാരോഗ്യം കാരണം പിൻവാങ്ങി. അപ്പോഴേക്കും സൂറത്തുന്നംല് വരെ പൂർത്തിയാക്കാൻ അവർക്ക് സാധിച്ചിരുന്നു. ഒരു വർഷം കൂടി കഴിഞ്ഞ്, 1962 സെപ്റ്റംബർ 28നു വെള്ളിയാഴ്ച ജുമുഅക്ക് മുമ്പായി സൂറത്തുന്നാസ് വരെ എത്തി രണ്ടാം പകുതിയുടെ എഴുത്ത് പൂർത്തിയാക്കി. ഇന്നത്തെ പോലെ വലിയ സൗകര്യമില്ലാതിരുന്ന ആ കാലത്ത് ഒരു റഫറൻസ് ഗ്രന്ഥം ലഭിക്കണമെങ്കിൽ വളരെയധികം പ്രയാസപ്പെടേണ്ടിയിരുന്നു. പള്ളികളിലെ കുതുബ്ഖാനകൾ, കോളേജ് ലൈബ്രറികൾ, വ്യക്തികളുടെ കയ്യിലുള്ള അപൂർവഗ്രന്ഥങ്ങൾ എന്നിവയായിരുന്നു അവലംബം. അവ പരിശോധിച്ച് കുറിച്ചെടുക്കുകയായിരുന്നു പതിവ്. ശേഷം മറ്റു പണ്ഡിതന്മാരുമായി എഴുത്തുകുത്തുകളിലൂടെയും വളരെദൂരം യാത്ര ചെയ്ത് അവരെ നേരിട്ടു കണ്ടുമൊക്കെയാണ് ആ മഹാന്മാർ ഈ ദൗത്യം നിർവഹിച്ചുവന്നത്. ശേഖരിച്ച കാര്യങ്ങൾ കൂട്ടായി ചർച്ച ചെയ്ത് അപ്പപ്പോൾ കെ. എം. മൗലവിക്ക് വായിച്ച് കേൾപ്പിക്കുകയും ശേഷം അസ്സൽ തയ്യാറാക്കുകയുമായിരുന്നു പതിവ്.

കല്ലായി ഓഫീസിൽ കെ. എം. മൗലവി പലപ്പോഴും സന്ദർശിക്കുകയും കാര്യങ്ങൾ വിലയിരുത്തുകയും ചെയ്യുമായിരുന്നു. കല്ലായിയിൽ നിന്നും അമാനി മൗലവി കെ.എം.മൗലവിയെ ട്രെയിനിൽ അനുഗമിക്കുമായിരുന്നു. കല്ലായി റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോം അന്ന് ഉയരമില്ലായിരുന്നു. കെ. എം. മൗലവി വളരെ പ്രയാസപ്പെട്ടുകൊണ്ടാണ് ട്രെയിനിൽ കയറിയിരുന്നത് എന്നും അമാനി മൗലവി പറയുന്നുണ്ട്. ട്രെയിൻ യാത്രകളിൽ പലപ്പോഴും ഉന്നതവ്യക്തിത്വങ്ങളുമായി കാണാറുണ്ടെന്നും ഒരിക്കൽ മാതൃഭൂമി സ്ഥാപക പത്രാധിപരും കോൺഗ്രസ് നേതാവുമായിരുന്ന കെ. പി. കേശവമേനോൻ അദ്ദേഹത്തെ ട്രെയിനിൽ വെച്ച് എഴുന്നേറ്റുനിന്ന് ആദരിക്കുകയും അദ്ദേഹവുമായി പഴയ ചരിത്രങ്ങൾ പങ്കിടുകയും ചെയ്തുവെന്നും അമാനി മൗലവി അനുസ്മരിക്കുന്നു.

രണ്ടാം പകുതി ആറു വാല്യങ്ങളിലായാണ് പ്രസിദ്ധീകരിച്ചത്. ആദ്യത്തെ വാല്യം 1963ൽ പ്രസിദ്ധീകരിച്ചു. തുടർന്നുള്ള വാല്യങ്ങൾ വ്യത്യസ്ത സന്ദർഭങ്ങളിലാണ് പ്രിന്റ് ചെയ്തത്. ആദ്യത്തെ നാല് വാല്യങ്ങൾ കെ. പി. ബ്രദേഴ്സും സാമ്പത്തികമായി അവർക്ക് സാധിക്കാതെ വന്നപ്പോൾ പിന്നീടുള്ള രണ്ട് വാല്യങ്ങൾ കൊച്ചിയിലെ മുജാഹിദീൻ ട്രസ്റ്റുമാണ് പുറത്തിറക്കിയത്. തിരൂരിലെ ജമാലിയ പ്രസ്സിലായിരുന്നു അച്ചടി. മാറ്റർ പ്രസ്സിൽ എത്തിക്കുക, പ്രൂഫ് നോക്കുക, ഇടക്കിടെ തിരൂരിൽ പോയി പ്രിന്റിങ്ങിന്റെ പുരോഗതി പരിശോധിക്കുക തുടങ്ങിയ കാര്യങ്ങളൊക്കെ നിർവഹിച്ചിരുന്നത് അമാനി മൗലവി ഒറ്റക്കായിരുന്നു. ആറാം വാല്യം പുറത്തിറങ്ങിയപ്പോഴേക്കും 1974 ആയി. ദീർഘമായ 11 വർഷം! സുദീർഘമായ ഈ കാലയളവിൽ ഇതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകിയിരുന്നത് പ്രധാനമായും കെ.എം മൗലവിയുടെ മകനും മദീന യൂണി



ഭൂമിശാസ്ത്ര വിഷയങ്ങൾക്കായി വരച്ചത്

വേഴ്സിറ്റി പ്രൊഫസറുമായിരുന്ന ശൈഖ് അബ്ദുസ്സമദ് അൽകാതിബും (അബ്ദുസ്സമദ് മൗലവി), എം. സഅദുദ്ദീൻ മൗലവിയും (മദീനയിലെ ഡോ: അഷ്റഫ് മൗലവിയുടെ ഭാര്യാപിതാവ്) ആയിരുന്നുവെന്ന് ചരിത്രകാരൻ കെ. കെ. മുഹമ്മദ് അബ്ദുൽകരീം കെ. എം. മൗലവിയുടെ ജീവചരിത്രത്തിൽ വ്യക്തമാക്കുന്നുണ്ട്.

രണ്ടാം പകുതിയുടെ മുഴുവൻ പരിശോധനയും 1963ൽ തന്നെ പൂർത്തിയായതുകൊണ്ട് കെ. എം. മൗലവിക്ക് അവതാരിക എഴുതാൻ സാധിച്ചു. 1964 ജൂൺ 6നാണ് അദ്ദേഹം അവതാരിക എഴുതിയത്. മൂന്നു മാസം കഴിഞ്ഞ് 1964 സെപ്റ്റംബർ 10നു കെ.എം മൗലവി നിര്യാതനായി. അദ്ദേഹത്തിന്റെ അവതാരികയിൽ ഒരു കാര്യം അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. അതാണ് അമാനി തഫ്സീറിന്റെ ആധികാരികതയെ പ്രോജ്ജ്വലമാക്കുന്നത്. അദ്ദേഹം പറഞ്ഞു: "ഈ ഗ്രന്ഥം എഴുതിവന്നത് മേൽപ്പറഞ്ഞ മൂന്നു സ്നേഹിതന്മാരാണെങ്കിലും ഇതിന്റെ പ്രവർത്തനത്തിൽ പല നിലയ്ക്കും ഞാനും ബന്ധപ്പെട്ടുകൊണ്ടിരുന്നതിനാൽ ഈ പരിഭാഷയും ഇതിലെ വ്യാഖ്യാനങ്ങളുമെല്ലാം 'സലഫീങ്ങളുടെ' മാതൃകയനുസരിച്ചുകൊണ്ടുള്ളതാണെന്ന് എനിക്ക് തീർച്ചയായും പറയാൻ കഴിയുന്നതാണ്. 'പൗരാണിക മഹാന്മാരുടെ മാതൃക പിൻപറ്റുന്നതിലാണ് നമ്മുടെയെല്ലാം നന്മയും സ്ഥിതി ചെയ്യുന്നത്. പിൻകാലക്കാരുടെ പുത്തൻ നിർമാണങ്ങളിലാണ് എല്ലാ തിന്മയും നിലകൊള്ളുന്നത്."

1961ൽ മൂസ മൗലവി അനാരോഗ്യം കാരണം പിൻവാങ്ങിയത് നേരത്തെ സൂചിപ്പിച്ചുവല്ലോ. കെ. എം. മൗലവി 1964ൽ മരണപ്പെടുകയും ചെയ്തു. മരണത്തിനു മുമ്പായി അദ്ദേഹത്തിന് രണ്ടാം പകുതിയുടെ കയ്യെഴുത്തു പ്രതി പൂർണമായും കാണാൻ സാധിച്ചിട്ടുണ്ട്. 1974ൽ ആണ് രണ്ടാം പകുതിയുടെ പ്രിന്റിങ് പൂർത്തിയായത്. അലവി മൗലവി മരണപ്പെട്ടത് 1976ൽ ആയിരുന്നത് കൊണ്ട് അദ്ദേഹത്തിന് രണ്ടാം പകുതി പ്രിന്റ് ചെയ്ത ഭാഗം കാണാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. അതിനു മുമ്പേ അനാരോഗ്യം അദ്ദേഹത്തെ ബുദ്ധിമുട്ടിച്ചിരുന്നതുകൊണ്ട് അതിന്റെ പ്രവർത്തനങ്ങളിൽ നിന്നും വിരമിക്കേണ്ടി വന്നു.

അവശേഷിക്കുന്ന ഒന്നാം പകുതി അഥവാ സൂറത്തുൽ ഫാതിഹ മുതൽ സൂറത്ത് ഇസ്റാഅ് വരെയുള്ള ഭാഗം മുഹമ്മദ് അമാനി മൗലവിയ്ക്ക് ഒറ്റയ്ക്ക് എഴുതി പൂർത്തിയാക്കേണ്ടി വന്നു. 1975 സെപ്റ്റംബർ 14ന് ആരംഭിച്ച എഴുത്ത് 1977 സെപ്റ്റംബർ 27നു പൂർത്തിയായി. രണ്ടാം പകുതി പരിശോധിച്ചിരുന്നത് കെ.എം. മൗലവി ആയിരുന്നല്ലോ. ഒന്നാം പകുതിയും ഒരു പണ്ഡിതൻ പരിശോധിക്കണമെന്നു അദ്ദേഹം നിർബന്ധം പിടിച്ചു. ആ ഉത്തരവാദിത്തം കെ.പി. മുഹമ്മദ് മൗലവി ഏറ്റെടുത്തു. ഒന്നാം പകുതി പൂർത്തിയാക്കാൻ അദ്ദേഹത്തിന് വളരെയധികം പ്രയാസപ്പെടേണ്ടിവന്നു. സൗകര്യങ്ങൾ വളരെ പരിമിതമായ വാണിയമ്പലത്തെ സ്വന്തം വീട്ടിലും വാണിയമ്പലം അങ്ങാടിയിലെ പീടികമുറിയിലുമായിരുന്നു അദ്ദേഹം അതിനായി അത്യധ്വാനം ചെയ്തത്. മണ്ണെണ്ണ വിളക്കിന്റെ അരണ്ടവെളിച്ചത്തിൽ ഇടുങ്ങിയ മുറിയിൽ ഒരു ബെഞ്ചിൽ ചുമരും ചാരിയിരുന്നായിരുന്നു ജോലിയത്രയും ചെയ്തിരുന്നത്. ഇടക്ക് കെ.പിക്ക് വായിച്ചു കേൾപ്പിക്കാൻ അരീക്കോട്ടും വളവന്നൂരിലും പോകുമായിരുന്നു. ചില ദിവസങ്ങളിൽ കെ.പി അമാനി മൗലവിയുടെ വീട്ടിലും വന്നു താമസിക്കുമായിരുന്നു. 1977 സെപ്തംബറിൽ രചന പൂർത്തിയായെങ്കിലും പ്രിന്റ് ചെയ്യാൻ പ്രസാധകർ ഉണ്ടായിരുന്നില്ല. രണ്ടാം പകുതി പ്രിന്റ് ചെയ്ത കെ.പി ബ്രദേഴ്സും കൊച്ചി മുജാഹിദീൻ ട്രസ്റ്റുമെല്ലാം സാമ്പത്തികമായി തളർന്നിരിക്കുകയായിരുന്നു. അദ്ദേഹം മഹാനായ എം.കെ ഹാജിയെ സമീപിച്ചു. ഹാജി സാഹിബ് കെ.പിയെ തന്നെ കാണുവാനും പ്രസാധനം കേരള നദ്വത്തുൽ മുജാഹിദീനോട് തന്നെ ഏറ്റെടുക്കാൻ ആവശ്യപ്പെടാനും പറഞ്ഞു. കെ.പി ഉടൻ പി.കെ അലി അബ്ദുറസാഖ് മദനിയെ ചുമതലപ്പെടുത്തി. എന്ത് വിഷമം സഹിച്ചും നാം അതേറ്റെടുത്തേ പറ്റൂവെന്ന് കെ.പി മുഹമ്മദ് മൗലവി അലി അബ്ദുറസാഖ് മൗലവിയോട് ആവശ്യപ്പെട്ടു. അദ്ദേഹം വളരെ സന്തോഷത്തോടെ ദൗത്യം ഏറ്റെടുത്തു. 1978 അവസാനത്തിലായിരുന്നു അത്. ആറു വാള്യങ്ങളിലായി ചിട്ടപ്പെടുത്തിയ ഒന്നാം പകുതിയുടെ ഒന്നാം വാള്യം 1979ൽ പ്രസിദ്ധീകരിച്ചു. ആറാം വാള്യം 1985ലാണ് പ്രസിദ്ധീകരിച്ചത്. കെ.പിയുടെ നിതാന്തജാഗ്രതയും റസാഖ് മൗലവിയുടെ ചടുലതയുമായിരുന്നു തഫ്സീറിന്റെ പ്രസിദ്ധീകരണം എളുപ്പമാക്കിയത്. ഒന്നാം പകുതിയുടെ ആറു വാള്യങ്ങളും രണ്ടാം പകുതിയുടെ ആറു വാള്യങ്ങളും ചേർത്ത് 1987 മെയ് 12ന് വലിയ നാല് വാള്യങ്ങളാക്കി പുനഃപ്രസിദ്ധീകരിച്ചു. 1989ലും പുനഃപ്രസിദ്ധീകരണമുണ്ടായി.

ക്വുർആനിലെ വിവിധ ചരിത്രങ്ങളുമായി ബന്ധപ്പെട്ട മേപ്പുകളും മറ്റു ചിത്രങ്ങളും തഫ്സീറിൽ നമുക്ക് കാണാൻ സാധിക്കും. ഇവയെല്ലാം ആദ്യം വരച്ചി

രുന്നത് പ്രസിദ്ധ മാപ്പിള കവിയും ഗായകനുമായ വി.എം കുട്ടി സാഹിബായിരുന്നു. പിന്നീടുള്ള പുനഃപ്രസിദ്ധീകരണവേളയിൽ അവ വരച്ചത് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ അവർകളാണ്. മാത്രമല്ല അമാനി മൗലവിയുടെ തഫ്സീറുകളുടെ പുറം ചട്ടകൾ ഡിസൈൻ ചെയ്തതും പറപ്പൂർ തന്നെയായിരുന്നു.

മുഹമ്മദ് അമാനി മൗലവിയുടെ ജനനം 1909 ലാണ്. പട്ടിക്കാട്ടെ അമാനത്ത് കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. പിതാവ് അമാനത്ത് ഹസൻ കുട്ടി മുസ്‌ല്യാരും നല്ലൊരു പണ്ഡിതനായിരുന്നു. ചാലിലകത്തിന്റെ ശിഷ്യനായിരുന്നു അദ്ദേഹം. ഉമ്മ വിളക്കണ്ടത്തിൽ ആമിന തിരൂരങ്ങാടിയിൽ നടന്ന മലബാർ യുദ്ധഭൂമിയിലെ കർമപോരാളിയായിരുന്ന ആലി മുസ്‌ല്യാരുടെ ബന്ധുവായിരുന്നു. പിതാവിൽ നിന്നു ലഭിച്ച മതവിജ്ഞാന താൽപര്യം മുഹമ്മദ് അമാനിയെ ഒരു വിജ്ഞാന കുതുകിയാക്കി മാറ്റി. ഡിസ്ട്രിക്റ്റ് ബോർഡിന് കീഴിലുള്ള സ്‌കൂളിൽ എട്ടാംതരം വരെ പഠിച്ചു. എഴുത്തിലും വായനയിലും അതീവ തൽപരനായിരുന്ന അദ്ദേഹം കേരളത്തിലെ വിവിധ പള്ളിദർസുകളിൽ അധ്യയനം പൂർത്തിയാക്കി. തമിഴ്‌നാട്ടിലെ തഞ്ചാവൂരിലെ രാജഗിരി അൽമദ്‌റസതുൽ ഖാസിമിയ്യയിൽ നിന്നു 1936ൽ 'ആലിം' ബിരുദം നേടി. അറബി, മലയാളം, തമിഴ് എന്നീ ഭാഷകളിൽ അവഗാഹം നേടിയ അദ്ദേഹത്തിന് ഇംഗ്ലീഷിലും സാമാന്യ പരിജ്ഞാനം ഉണ്ടായിരുന്നു.

1936 മുതൽ 1945 വരെ സ്വന്തം നാട്ടിലും സമീപപ്രദേശങ്ങളിലുമുള്ള പള്ളിദർസുകളിൽ മുദർരിസായി സേവനം ചെയ്തു. മൊറയൂരിൽ അദ്ദേഹം തുടങ്ങിയ 'റിലീജിയസ് സ്‌കൂളിൽ' ഗ്ലോബുകളുടെയും അറ്റ്‌ലസിന്റെയുമൊക്കെ സഹായത്തോടെ അറബിയിൽ ഭൂമിശാസ്ത്രവും ജ്യോതിശാസ്ത്രവുമെല്ലാം പഠിപ്പിച്ചിരുന്നുവത്രെ! അധ്യയന രംഗത്തെ ശാസ്ത്രീയ സമീപനത്തോടുള്ള അതീവ താൽപര്യം അദ്ദേഹത്തെ 1946ൽ റൗദത്തുൽ ഉലൂം അറബിക്കോളേജിൽ എത്തിച്ചു. അന്ന് മഞ്ചേരിയിലായിരുന്നു റൗദത്തുൽ ഉലൂം. ബിരുദം പൂർത്തിയാക്കിയ അദ്ദേഹത്തിന് ഗ്രന്ഥരചനകളോടും ഗ്രന്ഥശാലാ നടത്തിപ്പിനോടുമൊക്കെയായിരുന്നു കൂടുതൽ അഭിനിവേശമുണ്ടായിരുന്നത്. റൗദത്തുൽ ഉലൂമിൽ ജോലി ചെയ്യവെ മഞ്ചേരിയിൽ അദ്ദേഹം സ്വന്തമായി 'അമാനിയാ ബുക്സ്റ്റാൾ' എന്ന പേരിൽ ഗ്രന്ഥശാല തുടങ്ങുകയും അതിന്റെ പേരിൽ ലഘുകൃതികൾ പുറത്തിറക്കുകയും ചെയ്തു. പിന്നീട് സ്വന്തം നാടായ പട്ടിക്കാട്ടേക്ക് മാറ്റിയ ആ ഗ്രന്ഥശാലയിൽ നിന്നാണ് ആദ്യമായി വിശുദ്ധ്വകുർആനിന്റെ മലയാള വിവർത്തനങ്ങൾ അടങ്ങുന്ന കൊച്ചുകൊച്ചു പുസ്തകങ്ങൾ ഇറങ്ങിത്തുടങ്ങിയത്. തിരുവനന്തപുരത്തെ ഇടവയിലെ ആധുനിക സൗകര്യങ്ങളുള്ള ഒരു പ്രസ്സിൽനിന്നാണ് അറബി മൂലത്തോടുകൂടിയുള്ള ഈ പരിഭാഷകൾ അച്ചടിച്ചിരുന്നത്.

അമാനി തഫ്സീറിന്റെ മുഖവുര (മുഖദ്ദിമ) വളരെ പ്രസിദ്ധമാണ്. ക്വുർആനുമായി ബന്ധപ്പെട്ട മുഴുവൻ വിജ്ഞാനങ്ങളും അതിലുണ്ട്. ക്വുർആനിന്റെ അവതരണം, ക്രോഡീകരണം, പാരായണ മര്യാദകൾ, എഴുത്ത്, ഉലൂമുൽ ക്വുർആൻ (വിജ്ഞാനങ്ങൾ), ക്വുർആൻ വ്യാഖ്യാനിക്കേണ്ട രീതി, ക്വുർആൻ ഭാഷാന്തരം ചെയ്യൽ തുടങ്ങി ഒട്ടേറെ കാര്യങ്ങളെ സംബന്ധിച്ച നിയമങ്ങൾ അതിൽ നൽകിയിട്ടുണ്ട്. ക്വുർആൻ വ്യാഖ്യാനത്തിന്റെ പൗരാണിക (സലഫുകളുടെ) രീതി വിശദീകരിക്കാൻ അദ്ദേഹം അവലംബമാക്കിയത് ഹിജ്റ മൂന്നാം നൂറ്റാണ്ടിൽ ജീവിച്ച മഹാനായ ഇബ്നു ജരീറു ത്വബ്‌രിയെയും ഹിജ്റ എട്ടാം നൂറ്റാണ്ടിൽ ജീവിച്ച ഇബ്നു കഥീറിനെയുമാണ്. ക്വുർആനിനെ ക്വുർആൻ കൊണ്ട് വ്യാഖ്യാനിക്കുക, നബിﷺ യുടെ വിശദീകരണങ്ങളിലൂടെ വ്യാഖ്യാനിക്കുക, അത് ലഭിച്ചില്ലെങ്കിൽ സ്വഹാബികളിലേക്ക് മടക്കുക, അവിടെയും കണ്ടില്ലെങ്കിൽ താബിഉകളിലേക്ക് മടക്കുക എന്ന സലഫുകൾ അം



**അമാനി മൗലവിയുടെ മഹല്ല് പള്ളി**

ഗീകരിച്ച ശൈലിയാണ് അമാനി മൗലവിയും മൂസ മൗലവിയും അലവി മൗലവിയും സംയുക്തമായി രചിച്ച മുഖദ്ദിമ വ്യക്തമാക്കുന്നത്. ആധുനിക വ്യാഖ്യാതാക്കളിൽ പലരും സ്വന്തം അഭിപ്രായങ്ങൾക്കനുസരിച്ച് വ്യാഖാനിക്കുന്ന പ്രവണത വർധിച്ചപ്പോൾ അമാനി തഫ്സീർ അത്തരം പോരായ്മകളിൽ നിന്നും വിട്ടു നിൽക്കുന്നു എന്ന് മാത്രമല്ല സലഫുകളുടെ വ്യാഖ്യാന മാർഗങ്ങളെ മാത്രം അവലംബിക്കുന്ന സൂക്ഷ്മവും പക്വവും സത്യസന്ധവുമായ ശൈലിയാണ് സ്വീകരിച്ചിട്ടുള്ളത്. അമാനി തഫ്സീറിന്റെ ആധികാരികത നമുക്ക് ഇതിലൂടെ ബോധ്യപ്പെടും.

ക്വുർആൻ പഠനത്തെ ഗൗരവമായി കാണണമെന്നാണ് അദ്ദേഹത്തിന്റെ നിർദേശം. അദ്ദേഹം പറയുന്നു: "വായനക്കാർ മിക്കവാറും രണ്ടു തരക്കാരായിരിക്കും. ഒന്നോ രണ്ടോ ആവർത്തി വായിച്ച് തൃപ്തിയടയുന്നവരും ആവർത്തിച്ചാവർത്തിച്ചു വായിച്ചു പഠിക്കുന്നവരും. ഈ രണ്ടാമത്തെ വിഭാഗത്തെ കൂടുതൽ പരിഗണിച്ചു കൊണ്ടാണ് ഞങ്ങൾ ഈ ഗ്രന്ഥം തയ്യാറാക്കിയിട്ടുള്ളത്" (നമ്മുടെ പരിഭാഷാഗ്രന്ഥം, മുഖദ്ദിമ). കേവലം കളിതമാശക്കോ ഭൗതിക നേട്ടങ്ങൾക്കോ വേണ്ടി ക്വുർആൻ പഠനം നടത്താൻ പാടില്ല; മറിച്ച് ആവർത്തിച്ചാവർത്തിച്ച് വായിച്ച് പഠിക്കുകയാണ് ക്വുർആനിനെ സ്നേഹിക്കുന്നവർ ചെയ്യേണ്ടത് എന്നാണ് അദ്ദേഹം നിർദേശിക്കുന്നത്.

മുഹമ്മദ് അമാനി മൗലവി വിനയാന്വിതനായ മഹാ പണ്ഡിതനായിരുന്നു. ഒരു പണ്ഡിതനാണെന്ന ജാഡയോ തലക്കനമോ വേഷഭൂഷാതികളോ ഒന്നുമില്ലാതെ, വിജ്ഞാനത്തെ സ്നേഹിച്ച് അല്ലാഹുവിനെ ഭയന്നുകൊണ്ടാണ് അദ്ദേഹം ജീവിച്ചത്. ക്വുർആൻ വിവരണത്തിലൂടെയോ മതപ്രബോധനത്തിലൂടെയോ അദ്ദേഹം സമ്പാദ്യങ്ങൾ ലക്ഷ്യമാക്കിയില്ല. അദ്ദേഹം മക്കൾക്കായി നൽകിയ വസിയ്യത്ത് ഇങ്ങനെയായിരുന്നു: 'കൊടുക്കാനുള്ള കടത്തിൽ മാത്രം ആദ്യം ശ്രദ്ധിക്കണമെന്ന് പ്രത്യേകം ഉപദേശിക്കുന്നു. സമ്പാദിക്കണമെന്ന മോഹവും സുഖസൗകര്യങ്ങൾ അധികം വേണമെന്ന മോഹവും എനിക്കില്ലാത്തത് കൊണ്ടും അതൊരു ദോഷമല്ലെന്നു കരുതുന്നത് കൊണ്ടും സ്വത്ത് വല്ലതുമുണ്ടെങ്കിൽ അത് സന്തോഷത്തോടെയും വിട്ടുവീഴ്ചയോടുകൂടിയും എടുത്ത് തൃപ്തിപ്പെട്ടു കൊള്ളണം.'

ഇതരവിഭാഗങ്ങളോട് ആശയപരമായ കാര്യങ്ങളിൽ വിയോജിപ്പുള്ളപ്പോഴും എല്ലാവരോടും വ്യക്തിബന്ധം പുലർത്തുന്നതിൽ അദ്ദേഹം കണിശത പുലർത്തിയിരുന്നു. കുറ്റനാട് മുഹമ്മദ് മുസ്ല്യാർ, വാണിയമ്പലം അബ്ദുറഹ്മാൻ മുസ്ല്യാർ, സ്വദഖത്തുള്ള മൗലവി തുടങ്ങിയവരുമായിട്ട് അദ്ദേഹം വളരെ നല്ല ബന്ധം പുലർത്തിയിരുന്നു. എതിരാളികളോടുള്ള സമീപനങ്ങളിൽ അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ഇങ്ങനെയായിരുന്നു: 'എല്ലാവരും സാത്വികൻമാരും സത്യാന്വേഷണ തൽപരരുമായിരിക്കയില്ലല്ലോ. അങ്ങനെയുള്ളവരോടു തർക്കവും വാദവും നടത്തേണ്ടതായി വരും. എന്നാലതു, വായടപ്പിക്കുന്ന തരത്തിലുള്ളതോ, ഉത്തരം മുട്ടിക്കുവാൻ വേണ്ടിയോ ആയിരിക്കരുത്. സന്ദർഭത്തിനും ആൾക്കും പരിതസ്ഥിതിക്കും അനുസരിച്ച് കൂടുതൽ നയത്തോടും മയത്തോടും കൂടിയും, സത്യസന്ധമായും ആയിരിക്കേണ്ടതാണ്. സംഭാഷണം പ്രതിയോഗിയുടെ പരാജയത്തെ മാത്രം ഉന്നംവെച്ചു കൊണ്ടാവരുത്. സത്യം ഗ്രഹിപ്പിക്കുകയാവണം ലക്ഷ്യം. സംസാരശൈലിയും ഉപയോഗിക്കുന്ന വാക്കുകളും വെറുപ്പിക്കുന്ന രൂപത്തിലാവരുത്. അല്ലാത്തപക്ഷം, പ്രതിയോഗി ഉത്തരംമുട്ടി പരാജയപ്പെട്ടാൽ പോലും സത്യത്തോടു ഇണങ്ങാതിരിക്കുകയായിരിക്കും ഉണ്ടാകുക. ന്യായവും തെളിവും സമർപ്പിക്കുന്നതു ഇരുവിഭാഗക്കാരും അംഗീകരിക്കുന്ന അടിസ്ഥാനം തെറ്റാതിരിക്കുകയും വേണം. ഇത്തരം കാര്യങ്ങൾ ഓരോ കക്ഷിയും മനസ്സിരുത്തായ്കകൊണ്ടാണു രണ്ടു വ്യത്യസ്തമായ അഭിപ്രായഗതിക്കാർ തമ്മിൽ നടത്തപ്പെടുന്ന ഇന്നത്തെ വാദപ്രതിവാദങ്ങളിൽ ബഹുഭൂരിഭാഗവും ഫലശൂന്യമായിത്തീരുന്നതും പരസ്പരം വിദ്വേഷം വളർത്തുവാൻ കാരണമായിത്തീരുന്നതും" (സൂറത്തുന്നഹ്ൽ, ആയത്ത് 125ന്റെ വ്യാഖ്യാനം).

1987 നവംബർ 2 ന് മുസ്ലിം കൈരളിക്ക് ഒട്ടേറെ നന്മകൾ ബാക്കിയാക്കി അദ്ദേഹം അല്ലാഹുവിലേക്ക് മടങ്ങി. വിശുദ്ധ ക്വുർആൻ അമാനി തഫ്സീർ ഉപയോഗിച്ചുകൊണ്ട് പഠിക്കുവാൻ ഈ പുണ്യ റമദാനിനെ ഉപയോഗപ്പെടുത്തുക. മഹാന്മാരായ കെ. എം. മൗലവി, അമാനി മൗലവി, മൂസ മൗലവി, അലവി മൗലവി, കെ.പി. മുഹമ്മദ് മൗലവി, അലി അബ്ദുറസാഖ് മദനി, കെ. പി. മുഹമ്മദ് സാഹിബ് ഒലവക്കോട്, കെ പി മൊയ്തീൻകുട്ടി സാഹിബ്, എൻ.കെ. മുഹമ്മദ് സാഹിബ് (പുളിക്കൽ) തുടങ്ങി ഈ തഫ്സീറിന്റെ രചനയിലും പ്രസിദ്ധീകരണത്തിലും പ്രചാരണത്തിലും പ്രവർത്തിച്ചിട്ടുള്ള മുഴുവൻ പണ്ഡിതരിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ (ആമീൻ)

വി.ടി അബ്ദുസ്സലാം
salamvtkrp@gmail.com

കഥ



# റിലീഫ് കിറ്റ്

ലോക്ക്ഡൗൺ കാലത്തെ ഈ ജനലും ചാരിയുള്ള ഇരുത്തവും കിടത്തവുമൊക്കെ എത്ര നാളിങ്ങനെ നീണ്ടുപോകുമാവോ?

ഈ മാസവും തീരാനായി. കഴിഞ്ഞ മാസത്തെ ശമ്പളത്തിന്റെ കാര്യം എന്താണെന്ന് ഒരു നിശ്ചയവും ഇല്ല. കയ്യിലുള്ള കാശും തീർന്നു തുടങ്ങി. ചിന്തകൾ അലഞ്ഞു നടക്കുന്നു.

'കുറിപ്പൈസ ചോയ്ച്ച് താത്ത വന്നീർന്നു.'

'ഉം. ന്നിട്ട് യ്യെന്താ പറഞ്ഞെ?'

'ന്ത് പറയാൻ! ശമ്പളം കിട്ടീല്ലാന്ന് പറഞ്ഞു.'

അതും പറഞ്ഞ് അവൾ കട്ടിലിന്റെ അരികിൽ വന്നിരുന്നു.

'ഈ കൊറോണ കാലത്ത് പ്പൊ എങ്ങനാ കുറിപ്പൈസ കൊടുക്ക്ണത്? സാധനം വാങ്ങാൻ തന്നെ പൈസല്ല...' അയാൾ ആത്മഗതം ചെയ്തു

അവൾ എന്തോ പറയാൻ ഭാവിച്ചുവെന്ന് തോന്നി.

വാങ്ങിവച്ച സാധനങ്ങളൊക്കെ കഴിഞ്ഞുതുടങ്ങി എന്ന് സൂചന തന്നിട്ട് രണ്ട് ദിവസമായി, അതായിരിക്കും.

'ഉം.. ന്തേ നീ പറയാൻ നിന്നേ?' അയാൾ ചോദിച്ചു.

'പിന്നെയ്... നാളെ നോമ്പല്ലേ...? അടിക്കലും തെളിക്കലും ഒക്കെ തീർത്തു. ന്താ കാട്ട്ണേ...? സാധനങ്ങളൊന്നുംല്ല്യ. ആകെക്കൂട്യാൽ രണ്ടീസത്തിനുണ്ടാവും. ഗ്യാസും പ്പം കഴിയുംന്നാ തോന്ന്ണേ...!'

വിളിച്ചു പറയണങ്കിൽ പൈസ വേണ്ടേ...? ആരോടേലും ചോദി

ച്ചാൽ കുറച്ച് പൈസ കിട്ടോ ആവോ?' അയാൾ അൽപ നേരം ഒന്നും പറഞ്ഞില്ല.

ആര് തരാൻ? ജനൽ തിണ്ണയിൽ ചായ കുടിച്ചുവച്ച ഗ്ലാസ്സിൽ ചോണനുറുമ്പ് രസം കൊള്ളുകയാണ്.

'ല്ലാട്ത്തും ഉറുമ്പാ'ന്ന് പറഞ്ഞ് അവൾ ഗ്ലാസ്സെടുത്ത് കൊണ്ട് പോയി.

ചിന്തകൾ വീണ്ടും കാടുകയറി. ജാലകം വഴി പോക്കുവെയിൽ അകത്തേക്ക് വന്നു. പുറത്ത് ഇലച്ചാർത്തുലച്ച് ചെറുകാറ്റ് വീശുന്നുണ്ട്.

കണ്ടുമടുത്ത ജാലകക്കാഴ്ചകളിലേക്ക് അയാൾ വീണ്ടും വെറുതെനോക്കി നിന്നു. വരാനുള്ള വസന്തത്തിന്റെ വല്ല ഇടിമുഴക്കങ്ങളും കേൾക്കുന്നുണ്ടോ?

'പിന്നെയ്...'

അയാൾ തിരിഞ്ഞു നോക്കി.

'കഴിഞ്ഞ നോമ്പിനല്ലേ നമ്മക്ക് റിലീഫിന്റെ അരി കൊണ്ടന്ന് തന്നത്. ഓർമണ്ടോ?'

'ഉം... അന്ന് നമുക്കത് വേണ്ടായിരുന്നു. പാവങ്ങൾക്കുള്ളതല്ലേന്ന് നീ പരിഭവം പറഞ്ഞിരുന്നില്ലേ...?

'ശര്യാ.'

'ഇത്തവണ നമ്മക്ക് കിറ്റ് കിട്ടോ ആവോ?' എന്തോ മറന്നെടുത്ത പോലെ അയാൾ പറഞ്ഞു.

ഫോൺ സൈലന്റായിരുന്നു. വൈബ്രേഷൻ മൂളുന്ന ശബ്ദം കേട്ടാണ് ഫോണെടുത്തത്

'ഹലോ... അതെ! ഉം, ഞാൻ നോക്കട്ടെ...പുതിയതായി ആരും ന്റെ അറിവിലിപ്പോഴില്ല. ഓകെ.'

'ആരാ വിളിച്ചേ?'അവൾ അടുക്കളയിൽ നിന്നും ധൃതിയിൽ വന്നു.

'റിലീഫ് കമ്മിറ്റിയിലെ സമദാണ്. നമ്മുടെ ഏരിയയിൽ പാവപ്പെട്ടവരുടെ പുതിയ കണക്കിനാണ്. പുതിയതായി ആരെയെങ്കിലും ചേർക്കാനുണ്ടോന്ന്...'

അവൾ ഒന്നും മറുപടി പറഞ്ഞില്ല. മേശവലിപ്പിലെ ചില്ലറകളൊക്കെ എണ്ണി നോക്കുമ്പോഴാണ് പഴയ ഒരു പോക്കറ്റ് ബുക്കിൽ വെച്ച ഒരഞ്ഞൂറ് രൂപ അയാൾ ഓർമിച്ചത്.

'അതെടുത്താണ് ന്നലെ പാലും പൈസ കൊടുത്തത്.'

'ഓ... സമാധാനമായി. ഞാനതു പോയെന്ന് കരുതി. അതെങ്കിലും നടക്കട്ടെ' അയാൾ ചിരിച്ചു കൊണ്ട് പറഞ്ഞു.

മുറ്റത്ത് വണ്ടിയുടെ ശബ്ദം കേട്ടു.

'സമദായാരിക്കും' അയാൾ പറഞ്ഞു.

അവൾ വാതിൽ തുറന്നു. ഒരു ആപെ ഗുഡ്സ് നിറയെ സാധനങ്ങളുണ്ട്. അവൻ ഒരു കിറ്റ് എടുത്ത് തിണ്ണയിൽ വെച്ചു.

'ഇത് പോക്കർക്കാക്കുള്ളതാണ്. നീ പിന്നെ കൊടുത്താൽ മതി. പ്പോ നീ വാ, നമുക്കിത് കൊടുത്തു തീർക്കണ്ടേ? വണ്ടിയിൽ കയറ്' സമദ് പറഞ്ഞു.

അയാൾ ഷർട്ടു മാറ്റി വന്നു. അർഹരെയും തേടി കൂടെപ്പോയി...

'ശമ്പളക്കാർക്കൊന്നും കിറ്റ് കൊടുക്കണ്ടെന്നാണ് തീരുമാനം' സമദ് പറഞ്ഞു.

'അതു ശരി!' അയാൾ പിന്നെ ഒന്നും പറഞ്ഞില്ല.

തിരികെ വരുമ്പോൾ കിറ്റ് തിണ്ണയിൽ തന്നെയുണ്ട്. കിറ്റ് ചുമലിൽവച്ച് അയാൾ പോക്കർക്കയുടെ വീട്ടിലേക്ക് നടന്നു. നിറഞ്ഞ ചിരിയുമായി പോക്കർക്ക പുറത്തേക്ക് വന്നു.

'റിലീഫിന്റെ കിറ്റാണ്.'

'ഉം...ജമീലാ...'പോക്കർക്ക ഭാര്യയെ വിളിച്ചു.

'ഈ കാലത്ത് കേറി ഇരിക്കാനൊന്നും പറയണ്ടല്ലോ' പോക്കർക്ക പറഞ്ഞു.

'അതെ!' അയാൾ പുഞ്ചിരിച്ചു.

'കൊറോണക്കാലായോണ്ട് അന്നത്തിനിഞ്ഞാർക്കും മുട്ട് വരില്ല. എല്ലാരെ വകീണ്ട്. ഇതിപ്പം നിക്ക് അഞ്ചാമത്തെ കിറ്റാണ്.നോമ്പും പെരുന്നാളും ഒക്കെ കഴിഞ്ഞാലും  ബാക്കിണ്ടാവും.'

'പോരാത്തേയ്ന് റേഷൻ പീടീന്നും ണ്ടല്ലോ!'

'റേഷൻ പീടിലെ അര്യോണ്ട് ചോറ് വെച്ചാൽ ഒരു കൊണം പോരാ.'



‘എന്നാ ഞാൻ പോട്ടെ.’

‘ശരി.’

‘ആ റേഷനരി ഞ്ഞ്യാർക്കേലും മാണാവോ? ബടെ ബെർതെ കെടന്നിട്ടെന്താ...’

തിരികെ നടക്കുമ്പോൾ ജമീലാത്തയുടെ വാക്കുകൾ അയാളുടെ ചെവിയിൽ വട്ടം പിടിച്ചു നിന്നു. അപ്പോഴാണ് റേഷൻ കാർഡിന്റെ കാര്യം ഓർമയിൽ വന്നത്.

നടക്കുമ്പോൾ കാല് കല്ലിൽ കുത്തി ചെറുതായി ചോരപൊടിഞ്ഞോ എന്നൊരു സംശയം.

പുതിയ കാർഡ് കിട്ടാൻ അപേക്ഷയുമായി അവൾ കുറെ നടന്നതാ. ഒടുവിൽ കിട്ടിയതോ വിഐപി വെള്ളക്കാർഡ്! പിന്നെ അത് മാറ്റാനുള്ള പാച്ചിൽ. നീലയെങ്കിലും ആക്കിക്കിട്ടാൻ. അപേക്ഷയൊക്കെ മേശപ്പുറത്തുണ്ടാവും.

എതായും ഉള്ള കാർഡിന് കിട്ടിയ അൽപം അരിയുള്ളോണ്ട്...

വീട്ടിലെത്തിയപ്പോൾ അടുക്കളയിൽ പാത്രങ്ങൾ തട്ടിയുരസുന്ന ശബ്ദം കേൾക്കുന്നുണ്ട് അയാൾ. ചുമരുചാരിയിട്ട ഒരു കസേരയിൽ ചെന്നിരുന്നു. നേരിയ കിതപ്പുണ്ട്.

‘വന്ന് കഞ്ഞി കുടിച്ചോളിം’ ഭാര്യയുടെ സ്വരം.

അവൾ ഒരു പിഞ്ഞാണത്തിൽ കഞ്ഞി വിളമ്പി വച്ചിട്ടുണ്ട് അത് വലിയ രുചിയോടെ കഴിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ അയാൾ പട്ടിണിയെയും പട്ടിണിക്കാരെയും കുറിച്ചോർത്തു.

ഇതൊന്നും ഓർമിക്കാൻ നേരമില്ലാത്ത, രുചി പരീക്ഷണങ്ങളുടെ പഴയ നാളുകൾ മനസ്സിൽ തികട്ടിവന്നു. കൂട്ടുകാരോടൊപ്പം മാറിമാറിക്കയറിയ ഹോട്ടലുകൾ... സ്പെഷ്യൽ തട്ടുകടകൾ... ഷവർമ, ഷവായ, തന്തൂരി, കുഴിമന്തി... മണവും രുചിയും വറ്റാത്ത നാളുകൾ!

‘നമ്മക്ക് കൊറച്ച് പൈസ കര്തി വെച്ചാൽ മത്യാര്ന്നു’ അവൾ പറഞ്ഞു.

‘അതിനല്ലേ കുറിയിൽ കൂടിയത്?’

ഇനിപ്പോ കുറിയുടെ കാര്യൊക്കെ ന്താണാവോ? അയാൾ സ്വയം പറഞ്ഞു.

‘അല്ലെങ്കിലും നമ്മൾ അന്നാന്നത്തേക്കുള്ളത് നോക്കിവച്ചാ മതിന്നാ ന്റെ ഒരു ഇത്...പക്ഷികളൊക്കെ ജീവിക്കുന്നത് കണ്ടില്ലേ...?’

‘അയ്ന് പക്ഷികൾക്ക് ലോക്ഡൗൺ ഒന്നും ല്ലല്ലോ! എവിടേം പൊകാലോ’ അവൾ പ്രതികരിച്ചു.

‘ടെറസിന്റെ മുകളിൽ കുറച്ച് പച്ചക്കറി നടാമെന്ന് കരുതീട്ട് എത്ര ദിവസായി. ഇത് വരെ നടന്നില്ല. ഇപ്പോ ഒരു വിത്തും കിട്ടൂല’ അവൾ എങ്ങോ കണ്ണുനട്ട് പരിതപിച്ചു.

‘കഴിയാതെ പോയതിനെപ്പറ്റ്യന്തിനാ വെര്തെ ആവലാതിപ്പെടുന്നത്? ന്തെങ്കിലും ഒക്കെ വഴിണ്ടാകും’ അയാൾ ആശ്വാസംകൊണ്ടു.

വൈകുന്നേരം നല്ല മഴ പെയ്തിരുന്നു. തണുത്ത കാറ്റുവന്ന് ഉമ്മവച്ചു പോകുന്നു.

അസ്തമയം മണ്ണിന്റെ നിറം മാറ്റുന്നത് അയാൾ നോക്കി നിന്നു. ഇരുട്ട് വന്ന് മരങ്ങളിൽ പുതച്ചു.

‘നാളെ അത്താഴത്തിന് എണീക്കണ്ടതല്ലേ? നേരത്തെ കിടന്നാലോ?’ അവൾ ചോദിച്ചു

‘ഉം.’

പുറത്ത് കാൽ പെരുമാറ്റം കേട്ട് അവൾ ജാലകം വഴി നോക്കി. പോക്കർക്കാന്റെ വീട്ടിലേക്കാണെന്ന് തോന്നുന്നു... ആരോ? റിലീഫ് കിറ്റുമായിട്ടായിരിക്കും. അവൾ ഊഹിച്ചു

അയാൾക്ക് ചിരി വന്നു

‘ന്തേ?’

‘ഒന്നൂല്ല.’

അവൾ കണ്ണു തുടച്ചു. അയാൾ വെറുതെ കണ്ണടച്ചു കിടന്നു.

കഴിഞ്ഞ വർഷത്തെ നോമ്പുതല ഓർത്തു പോയി. പിന്നെ ഒന്നും ഓർമയിൽ വന്നില്ല. ഇരുട്ട് മാത്രം!

*********

റിലീഫ് കിറ്റുമായി താഴേക്കിറങ്ങിപ്പോകുന്നവരുടെ നിര... പോക്കർക്ക ഉറങ്ങാതെ മുറ്റത്ത് തന്നെയുണ്ട്; കാത്തിരിക്കുകയാണ് ഓരോ വരവും. അകത്ത് സാധനങ്ങൾ നിറഞ്ഞു കവിഞ്ഞു മിച്ചം വരുന്നത് മുറ്റത്ത് കൂട്ടിയിട്ടിരിക്കുന്നു. മുറ്റം തികയാതെ വന്നപ്പോൾ അപ്പൂപ്പൻ താടി പോലെ കിറ്റുകൾ പൊങ്ങി നീങ്ങുന്നു...പാറിപ്പാറി നടക്കുന്നു... ഒരു ചെറുകാറ്റ് അടച്ചിരുന്നെങ്കിൽ! ഇതു വഴിയെ ങ്ങാനും ഒരു കിറ്റ് പാറി വന്നിരുന്നെങ്കിൽ.. എന്നവൾ കൊതിച്ചു.

പ്രതീക്ഷ പോലെ ഒരു കിറ്റ് പതിയെ പാറി പാറി വന്ന് അടുക്കള വാതിലിൽ വന്ന് മുട്ടി നിന്നു.

‘റിലീഫ് കിറ്റ് കിട്ടി.... റിലീഫ് കിറ്റ് കിട്ടി.’

ശബ്ദം കേട്ട് അയാൾ ഞെട്ടിയുണർന്നു. അവളും ഉണർന്നിട്ടുണ്ട്. ജാലകം വഴി അവൾ പുറത്തേക്ക് നോക്കി. അപ്പോഴും ചെറുതായി ഇടി മിന്നുന്നുണ്ട്. മഴ പെയ്യാൻ മറന്ന പോലെ നിൽക്കുകയാണ്.

‘അത്താഴത്തിനായോ?’ അയാൾ ചോദിച്ചു.

‘ഉം... ആവാറായി.’

‘നീ എന്താ സ്വപ്നം കണ്ടോ?’

‘ഉം...’

‘സമദ് ബാക്കി വന്ന കിറ്റു കൊണ്ടുവരുന്നത് ഞാനും സ്വപ്നം കണ്ടു’ അയാൾ പറഞ്ഞു.

അതു കേട്ട് അവൾക്ക് ചിരി വന്നു.


നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം



# കൊറോണക്ക് ശേഷം...?

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കൊറോണ സൃഷ്ടിച്ചിരിക്കുന്നത്. ലോകബാങ്കും ഐ.എം.എഫും വരാനിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയെ കുറിച്ച് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. എണ്ണ വില ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിരക്കിലേക്ക് കൂപ്പുകുത്തി. ലോകത്തെ മുഴുവൻ രാജ്യങ്ങളിലും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാണ് എന്ന് ഭരണകൂടങ്ങൾ പറഞ്ഞുകഴിഞ്ഞു. 2019 നവംബറിൽ ആരംഭിച്ച വൈറസ് വ്യാപനം ആറ് മാസത്തോളം ആയിട്ടും പിടിച്ചു നിർത്താൻ സാധിക്കാത്തത് സാമ്പത്തിക മേഖലയുടെ നട്ടെല്ലൊടിച്ചു എന്ന് തന്നെ പറയണം. 2020ലെ ആദ്യപാദത്തിൽ ഉൽപാദനം സ്തംഭിക്കുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത് എങ്കിൽ രണ്ടാം പാദത്തിൽ അതിന്റെ പ്രതിഫലനം വിപണിയിൽ കൂടി പ്രകടമാവും. ഇത് ലോകത്തെ ജീവിത രീതിയെയും കാഴ്ചപ്പാടുകളെയും തൊഴിൽ, സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മുഴുവൻ മേഖലകളെയും സാരമായി ബാധിക്കും. കൊറോണക്ക് ശേഷം പുതിയ ഒരു ലോകക്രമം ഉണ്ടാകും എന്ന് സാരം.



ലോകത്ത് ഏകദേശം എല്ലാ രാജ്യങ്ങളും കൊറോണ പ്രതിരോധ മാർഗം എന്ന നിലയിൽ പൂർണ അടച്ചിടൽ നടപ്പിലാക്കിയിട്ടുണ്ട്. അത് വൈറസ് വ്യാപനത്തിന് ഒരു അളവുവരെ തടയിടുന്നതിന് സഹായകമായി തീർന്നിട്ടുണ്ട് എന്നതും ഒരു യാഥാർഥ്യമാണ്. എന്നാൽ അത് സാമ്പത്തിക, സാമൂഹിക മേഖലകളിൽ വലിയ പ്രത്യാഘാതത്തിന് കാരണമായി എന്നത് കണ്ടില്ലെന്ന് നടിക്കാൻ സാധ്യമല്ല. സമ്പൂർണ അടച്ചിടലും സാമൂഹിക അകലം പാലിക്കലും വ്യക്തിശുചിത്വം പുലർത്തുകയും ചെയ്യുക എന്നത് പ്രതിരോധ പ്രവർത്തനങ്ങളിൽ സുപ്രധാനമായ കാര്യങ്ങൾ തന്നെയാണ്. അത് തെറ്റായിപ്പോയി എന്നല്ല, മറിച്ച് അത് ഉണ്ടാക്കുന്ന പ്രതിസന്ധികളെ മനസ്സിലാക്കുകയും അതിനനുസരിച്ച് വരും നാളുകളെ ക്രമീകരിക്കുകയും ചെയ്യുക എന്നതാണ് നമ്മൾ ഓരോരുത്തരും ചെയ്യേണ്ടത്. സാധാരണ പൗരൻ മുതൽ ഭരണകൂടങ്ങൾ വരെ ഈ യാഥാർഥ്യ ബോധത്തോടെ നീങ്ങിയിട്ടില്ലെങ്കിൽ അത് വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമാകും എന്ന തിരിച്ചറിവാണ് നാളെയെ നിർവചിക്കുന്നതിൽ ഏതൊരാളെയും നയിക്കേണ്ടത്.

### സാമ്പത്തിക പ്രതിസന്ധി

ജിഡിപിയുടെ 10% അല്ലെങ്കിൽ അതിൽ കൂടുതലുള്ള ധനക്കമ്മിയിൽ വൻതോതിൽ വർധനവ് മുതൽ ചൈനയും യുഎസും തമ്മിലുള്ള ബന്ധം വഷളാകുന്നത് വരെ ലോക സാമ്പത്തിക പ്രശ്നങ്ങളിലേക്ക് കൊറോണ വഴിവെക്കുമെന്ന് സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെടുന്നു. പണപ്പെരുപ്പവും ചെറുകിട വ്യവസായങ്ങളുടെ തകർച്ചയും കാർഷിക, വ്യാവസായിക മേഖലകളിൽ ഉണ്ടായ സ്തംഭനവും എല്ലാം സാമ്പത്തിക രംഗത്തെ വലിയ തകർച്ചയിലേക്ക് നയിക്കും. ലോകരാഷ്ട്രങ്ങൾ സാമ്പത്തിക ഉത്തേജന പാക്കേജുകൾ പ്രഖ്യാപിച്ച് ഈ തകർച്ചയുടെ ആഘാതം തടയാനുള്ള ശ്രമത്തിലാണ്. നമ്മുടെ രാജ്യവും സംസ്ഥാനവും ഈ കാര്യങ്ങളിൽ ഫലപ്രദമായ നടപടികളിലേക്ക് ഇനിയും പോകേണ്ടതുണ്ട്.

### തൊഴിൽ നഷ്ടം

ലോകത്ത് 1.6 ബില്യൺ തൊഴിലാളികൾക്ക് ഉടൻ തന്നെ ഉപജീവനമാർഗം നഷ്ടപ്പെടുമെന്ന് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐ.എൽ.ഒ) പറഞ്ഞു. ഇതിനകം തന്നെ ലോകത്തെ 2 ബില്യൺ അവിദഗ്ധ തൊഴിലാളികളുടെ വേതനം പ്രതിസന്ധി ഉടലെടുത്ത ആദ്യ മാസത്തിൽ ആഗോള ശരാശരി 60% കുറഞ്ഞുവെന്ന് ഐ.എൽ.ഒ പറയുന്നു. 3.3 ബില്യൺ ആഗോള തൊഴിലാളികളിൽ ഏറ്റവും കൂടുതൽ പ്രതിസന്ധിയിലായത് അവിദഗ്ധ തൊഴിലാളികളാണ്. ഉൽപാദനം, ഭക്ഷ്യമേഖല, മൊത്ത-ചില്ലറ വ്യാപാരം, റിയൽ എസ്റ്റേറ്റ്, ബിസിനസ് സംരംഭങ്ങൾ എന്നീ മേഖലകളിലെ തൊഴിലാളികൾക്കാണ് കൂടുതൽ തൊഴിൽനഷ്ടം സംഭവിക്കുന്നത്.

ഈ വർഷം രണ്ടാം പാദത്തിലെ മൊത്തം പ്രവൃത്തി സമയം 10.5 ശതമാനം കുറവായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് പ്രതിസന്ധിക്ക് മുമ്പുള്ള അവസാന പാദത്തേക്കാൾ 305 ദശലക്ഷം മുഴുവൻ സമയ ജോലികൾക്ക് തുല്യമാണ്. അമേരിക്ക, യൂറോപ്പ്, മധ്യേഷ്യ എന്നിവയിലെ ഏറ്റവും വലിയ ഇടിവ് പ്രവചിച്ചുകൊണ്ട് ഐ.എൽ.ഒ. പറഞ്ഞു. ലോകത്ത് 436 ദശലക്ഷം സംരംഭങ്ങൾ. ബിസിനസുകൾ തകർച്ചയുടെ വക്കിലാണെന്നും ഐ.എൽ.ഒ. വ്യക്തമാക്കുന്നു.

ഇതിൽ വലിയ പ്രതിസന്ധി നേരിടുന്ന വിഭാഗം ലോകമെമ്പാടുമുള്ള കുടിയേറ്റ തൊഴിലാളികളാണ് എന്ന് വേൾഡ് എക്കൊണോമിക്ക് ഫോറം പറയുന്നു. 2019 ൽ ആഗോള കുടിയേറ്റ തൊഴിലാളികളിൽ 200 ദശലക്ഷം ആളുകൾ 715 ബില്യൺ യു.എസ് ഡോളർ ആണ് തങ്ങളുടെ കുടുംബത്തിലേക്ക് അയച്ചത്. ഇതിൽ 551 ബില്യൺ യു.എസ് ഡോളർ താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിൽ താമ

സിക്കുന്ന 800 ദശലക്ഷം കുടുംബങ്ങളിലേക്കാണ് അയച്ചത്. ഇവർ അയക്കുന്ന താരതമ്യേന ചെറിയ തുക ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയുൾപ്പെടെ ദൈനംദിന ഉപജീവന ആവശ്യങ്ങൾക്കായാണ് ഇവർ ചെലവഴിക്കുന്നത്. ഈ മേഖലയിലുള്ള തൊഴിൽ നഷ്ടം ഇത്തരം രാജ്യങ്ങളിൽ ഉള്ളവർക്ക് വലിയ ആഘാതമാവുമെന്നും ഡബ്യൂ. ഇ. എഫ്. കൂട്ടിച്ചേർത്തു.


### ദാരിദ്ര്യം

കോവിഡ് അര ബില്യൺ ജനങ്ങളെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുമെന്ന് ഓക്സ്ഫാം മുന്നറിയിപ്പ് നൽകുന്നു. ലോകത്തിലെ ദരിദ്ര പ്രദേശങ്ങളിൽ ഈ ആഘാതം ഏറ്റവും ആഴത്തിൽ അനുഭവപ്പെടും. പ്രതിസന്ധിയിലകപ്പെട്ട വികസ്വര രാജ്യങ്ങളെ പിന്തുണയ്ക്കാൻ 2.5 ട്രില്യൺ ഡോളർ ആവശ്യമാണെന്ന് യു.എൻ മുന്നറിയിപ്പ് നൽകുന്നു. വടക്കേ ആഫ്രിക്ക, ഉപസഹാറൻ ആഫ്രിക്ക, മിഡിൽ ഈസ്റ്റ് തുടങ്ങിയ ലോകത്തിന്റെ ചില ഭാഗങ്ങളിൽ ഇതിന്റെ ആഘാതം കൂടുതൽ വഷളാകും എന്നും വിദഗ്ധർ അഭിപ്രായപ്പെടുന്നു.

ആവർത്തിച്ചുള്ള പകർച്ചവ്യാധികൾ (1980 മുതൽ എച്ച്.ഐ.വി, 2003 ൽ എസ്.എ.ആർ.എസ്, 2009 ൽ എച്ച് 1 എൻ 1, 2011ൽ മെർസ്, 201416ൽ എബോള) കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവക്ക് കാരണങ്ങൾ അന്വേഷിക്കുമ്പോൾ ഇവയെല്ലാം മനുഷ്യനിർമിത ദുരന്തങ്ങളാണ് എന്ന് പറയേണ്ടിവരും. പ്രകൃതിയെയും ആരോഗ്യത്തെയും പരിഗണിക്കാതെ തങ്ങളുടെ സ്വാർഥ സാമ്പത്തിക താൽപര്യങ്ങൾക്ക് മനുഷ്യർ വശംവദരാവുന്നത് ഇത്തരം ദുരന്തങ്ങൾ വിളിച്ചു വരുത്തുന്നു. പകർച്ചവ്യാധികളും കാലാവസ്ഥാ വ്യതിയാനത്തിന്റെ പരിണിത ഫലങ്ങളും വരും വർഷങ്ങളിൽ ഒരു പതിവായി മാറും. അത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഗുരുതരവുമാണ്.

ഇന്ത്യടക്കമുള്ള രാജ്യങ്ങളിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം; നമ്മുടെ കൊച്ചു കേരളത്തിലും. രാഷ്ട്രീയ അഭിപ്രായ വ്യതാസങ്ങൾക്ക് അപ്പുറം ക്രിയാത്മക കാഴ്ചപ്പാടുകളും പദ്ധതികളും ആണ് ഈ ഘട്ടത്തിൽ ആവശ്യം. നൂറ്റി മുപ്പത് കോടിയിൽ അധികം ജനങ്ങൾ ഉള്ള ഇന്ത്യപ്പോലെയുള്ള വലിയ രാജ്യത്തിന് കൊറോണ നൽകിയ സാധ്യതകളെ കൂടി കാണേണ്ടതുണ്ട്. ചൈന കൊറോണ വിഷയത്തിൽ കാണിച്ച ഗുരുതരമായ വീഴ്ചകൾ ആണ് ലോകത്താകമാനം വൈറസ് വ്യാപനത്തിന് കാരണമായത് എന്ന് ലോകം ഇന്ന് വിലയിരുത്തുന്നു. ഇതിനകം തന്നെ ലോക രാജ്യങ്ങളിൽ പലതും തങ്ങളുടെ കമ്പനികളുടെ ചൈനയിലെ പ്രവർത്തനം നിർത്തിവെക്കാൻ തീരുമാനിച്ചു. ഇന്ത്യയിൽ കമ്പനികൾ ആരംഭിക്കാൻ പല കമ്പനികളും ഇതിനകം താൽപര്യം അറിയിച്ചു കഴിഞ്ഞു. കുറഞ്ഞ ഉത്പാദന ചെലവും തൊഴിലാളികളുടെ ലഭ്യതയും ഭൗതിക സാഹചര്യങ്ങളുടെ അനുകൂല്യങ്ങളും എല്ലാം ലോകത്തെ വിവിധ കമ്പനികൾക്ക് ഇന്ത്യയെ തെരഞ്ഞെടുക്കാൻ അനുകൂല ഘടകമാണ്. ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്തുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെയ്യേണ്ടത്. ഭീമൻ കമ്പനികൾ രാജ്യത്തെ കമ്പനികൾ വാങ്ങാനുള്ള സാധ്യത, രാഹുൽ ഗാന്ധി ഈ പ്രതിസന്ധിയുടെ തുടക്കത്തിൽ പങ്കുവച്ച ആശങ്കയാണ്. അത് ഉൾക്കൊണ്ട്, നിലവിൽ ഇന്ത്യയിലെ കമ്പനികളെ നിലനിർത്തിക്കൊണ്ട് വിദേശ കമ്പനികൾക്ക് നമ്മുടെ രാജ്യത്ത് വ്യവസായ ശാലകളും ബിസിനസ് സംരംഭങ്ങളും തുടങ്ങുവാൻ ആവശ്യമായ അന്തരീക്ഷം ഉണ്ടാക്കണം. വർഗീയ കലാപങ്ങളും വംശീയ ഉന്മൂലനവും അതിദേശീയ വാദവും അടക്കം രാജ്യത്തെ ലോകത്തിന് മുന്നിൽ അവമതിക്കുന്ന ഘടകങ്ങൾ കൂടി ഇല്ലാതാക്കിയാലേ ലോകരാജ്യങ്ങൾ ഇന്ത്യയിലേക്കുള്ള നിക്ഷേപത്തിന് മുതിരൂ. ഇത്തരം നിക്ഷേപങ്ങൾ രാജ്യത്തെ സാമ്പത്തിക വളർച്ചയെ വലിയ തോതിൽ സഹായിക്കും. ആയിരങ്ങൾക്ക് തൊഴിൽ ലഭ്യമാകുന്ന തോടോപ്പം വിദേശ പണം രാജ്യത്തേക്ക് വരികയും ആഭ്യന്തര വിപണി കൂടുതൽ സജീവമാവുകയും ചെയ്യും.

കേരളവും ഈ വഴിയിലേക്ക് നീങ്ങേണ്ടിയിരിക്കുന്നു. രാഷ്ടീയ പകപോക്കലും അക്രമ സമരങ്ങളും ഹർത്താലും തൊഴിലിടങ്ങൾ ഇല്ലാതാക്കുന്ന തൊഴിലാളി കൂട്ടങ്ങളും ആണ് കേരളത്തിന്റെ എക്കാലത്തെയും ശാപം. ഇത് തിരിച്ചറിയാനും അത്തരം പിന്തിരിപ്പൻ നയങ്ങളിൽ നിന്ന് മാറാനും രാഷ്ട്രീയ പാർട്ടികൾ തയ്യാറാവണം. നിക്ഷേപ സൗഹൃദ അന്തരീക്ഷം ഉണ്ടാവുക എന്നത് അനിവാര്യമാണ്. കേരളത്തിന്റെ തനത് വിഭവങ്ങൾ ബ്രാൻഡ് ചെയ്ത് ലോക മാർക്കറ്റിൽ എത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഇനിയും വൈകരുത്. കാർഷിക രംഗത്തെ ആധുനികവൽക്കരണം, യന്ത്രവൽക്കരണം തുടങ്ങിയ ക്രിയാത്മകമായ മാറ്റങ്ങൾക്ക് കേവല പ്രത്യയ ശാസ്ത്രത്തിന്റെ പേരിൽ തടയിടരുത്. ലോകത്തോടൊപ്പം ഓടിയാൽ മാത്രമെ നമുക്ക് ഈ കാലത്ത്



പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ. പരമാവധി പ്രൊഡക്ടിവിറ്റി എന്നത് വളരെ പ്രധാനമാണ്. അത് പ്രായോഗികമാക്കാനാണ് പദ്ധതികൾ ഉണ്ടാവേണ്ടത്. ഉൽപാദനം, സംഭരണം, വിതരണം എന്നീ അവിഭാജ്യമായ മൂന്ന് മേഖലകളെയും പ്രൊഡക്ടീവ് ആക്കാൻ ഉള്ള പദ്ധതികൾ കേരളത്തിന്റെ ഭാവിയിൽ വളരെ പ്രധാനമാണ്. മദ്യവും ലോട്ടറിയും തരുന്ന നികുതി നികുതിയേതര വരുമാനത്തിൽ കണ്ണ് നട്ടിരിക്കുന്ന, നികുതി വർധന മാത്രമാണ് പരിഹാരം എന്ന് ചിന്തിക്കുന്ന ഭരണാധികാരികൾ നമ്മുടെ നാടിനെ വലിയ പ്രതിസന്ധിയിലേക്ക് മാത്രമെ തള്ളിവിടുകയുള്ളൂ.

ഗൾഫ് രാജ്യങ്ങൾ അടക്കം തൊളിലാളികളുടെ ശമ്പളം അടുത്ത ആറ് മാസത്തേക്കെങ്കിലും വെട്ടിക്കുറയ്ക്കാൻ തൊഴിൽ ദാതാക്കൾക്ക് അനുവാദം നൽകിക്കഴിഞ്ഞു. കൊറോണ നിയന്ത്രണങ്ങൾ പ്രതിസന്ധിയിലാക്കിയ കമ്പനികൾ പലതും തൊഴിലാളികളെ പിരിച്ചുവിടാൻ നിർബന്ധിതരായി. വലിയ പദ്ധതികളിൽ പലതും തൊഴിലാളികളുടെ എണ്ണം കുറച്ച് പദ്ധതി കാലാവധി ദീർഘിപ്പിക്കാനാണ് സാധ്യത. ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാൻ കടുത്ത സാമ്പത്തിക നടപടികളാണ് വരാനിരിക്കുന്നത്. അതിൽ പ്രധാനം ആഭ്യന്തര സാമ്പത്തിക ക്രയവിക്രയങ്ങൾ വർധിപ്പിക്കുക എന്നത് തന്നെയാണ്. അതുകൊണ്ട് തന്നെ വിദേശ തൊഴിലാളികളെ പിരിച്ചുവിടാനും പരമാവധി സ്വദേശികൾക്ക് ജോലി നൽകാനും സർക്കാർ, സ്വകാര്യ മേഖലകൾക്ക് വിവിധ രാജ്യങ്ങൾ നിർദേശം നൽകിക്കഴിഞ്ഞു. ഒമാനിൽ സർക്കാർ മേഖലയിലെ മുഴുവൻ വിദേശികളെയും പിരിച്ചുവിടാനുള്ള തീരുമാനം ഇതിന്റെ ഭാഗമാണ്. ഇവിടെയെല്ലാം ആദ്യത്തെ ഇര അവിദഗ്ധ തൊഴിലാളികളാണ്. (ഭൂരിഭാഗവും മലയാളികളും). അവരുടെ ഭാവി ഇരുട്ടിലാകുന്നു എന്നത് കണ്ടില്ലെന്ന് നടിക്കാൻ അതാത് രാജ്യങ്ങളിലെ ഭരണകൂടങ്ങൾക്ക് സാധ്യമല്ല. ലോകം മുഴുവൻ കുടിയേറ്റ തൊഴിലാളികളെ തങ്ങളുടെ നാട്ടിലേക്ക് തിരിച്ചയക്കുകയാണ്. ഗൾഫിൽ നിന്നും വിമാനങ്ങൾ പറന്നിറങ്ങുമ്പോൾ ആയിരക്കണക്കിന് പാവങ്ങൾ വെറും കയ്യോടെയാണ് വരുന്നത്. നമ്മുടെ നാടിന്റെ മജ്ജയും മാംസവും ആയിരുന്നവർ ഇരുണ്ട നാളെയെക്കുറിച്ചുള്ള ഭീതിയിലാണ്. അവർക്ക് കൊറോണ ചികിത്സയും ക്വറന്റൈൻ സംവിധാനവും ഒരുക്കുക എന്നത് പ്രധാനമാണ്. അതോടൊപ്പം പുനരധിവാസ പദ്ധതികൾ കൂടി ആവിഷ്കരിച്ച് നടപ്പിലാക്കണം.

കേരളത്തിന്റെ ജനസംഖ്യയുടെ ആറിൽ ഒന്ന് സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്നവരാണ്. അവരിൽ 30 ശതമാനത്തിൽ അധികം നാട്ടിലേക്ക് തിരിച്ചു വരും. അവർക്ക് ജീവിതോപാധി കണ്ടെത്തുക എന്നത് ശ്രമകരമാണ്, എങ്കിലും കേരളത്തിൽ വലിയ സാധ്യതകൾ ഉണ്ട്. ഏതെങ്കിലും കച്ചവടങ്ങളോ പലരും ചെയ്ത് വിജയിച്ച സംരംഭങ്ങളോ കുറേ ആളുകൾ തുടങ്ങാൻ ശ്രമിക്കും. എന്നാൽ അത്തരം സംരംഭങ്ങൾ പരാജയപ്പെടാനുള്ള സാധ്യത ഏറെയാണ്. അതിനാൽ സർക്കാർ സ്വകാര്യ ഏജൻസിക കളുടെ സഹായത്തോടെ തൊഴിൽ തേടുന്നവർക്ക് കൃത്യമായ പരിശീലനങ്ങളും മാർഗ നിർദേശങ്ങളും ലഭ്യമാക്കണം. അവർക്ക് തൊഴിലിടങ്ങൾ ഫലപ്രദമായി ക്രമീകരിക്കാനുള്ള സാഹചര്യങ്ങൾ കൂടി സൃഷ്ടിക്കേണ്ടതുണ്ട്. നടേ സൂചിപ്പിച്ചത് പോലെ കേരളത്തിന്റെ സാധ്യതകളെ അറിഞ്ഞ് അത് ഉപയോഗപ്പെടുത്താനാണ് ആദ്യഘട്ടത്തിൽ സർക്കാർ ശ്രമിക്കേണ്ടത്. രണ്ടാം ഘട്ടം എന്ന നിലയിൽ വേണ്ടത് വിവിധ വ്യവസായ സംരംഭങ്ങൾ തുടങ്ങാനുള്ള പാദ്ധതികളാണ്. ഇപ്പോൾ അപേക്ഷിക്കുന്നവർക്ക് ഒരാഴ്ചയ്ക്കുള്ളിൽ ലൈസൻസ് നൽകും എന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന പ്രതീക്ഷ നൽകുന്നതാണ്. പക്ഷേ, കേരളത്തിന്റെ ഇന്നലെകൾ നമ്മെ ഭീതിപടുത്തുന്നും ഉണ്ട്.

പ്രവാസികൾ തിരിച്ചു വന്നിട്ടെന്താ? പരമാവധി പിടിച്ചുനിന്നോ എന്നൊക്കെ ഉപദേശിക്കുന്നവർ, പട്ടിണികിടക്കാൻ പോലും ആയിരക്കണക്കിന് രൂപ ആവശ്യമുള്ള, വരുമാന മാർഗം നിലച്ചിട്ട് മാസങ്ങളായ,

ജോലിയിൽ നിന്നും പിരിച്ചുവിടപ്പെട്ടവരടങ്ങിയ പ്രവാസികൾ എങ്ങനെ പിടിച്ചു നിൽക്കണം എന്ന് കൂടി പറയണം. കേരളത്തിൽ മൂന്നുകോടി ജനങ്ങൾ പട്ടിണിയില്ലാതെ ജീവിക്കുന്നു എങ്കിൽ ഒരു അതിന്റെ ചെറിയൊരു ശതമാനം കൂടി അതിൽ ചേരുന്നതിനെ നാം എന്തിനിത്ര ഭയപ്പെടുന്നു? കേരളത്തിൽ നിന്നും ആയിരക്കണക്കിന് അന്യസംസ്ഥാന തൊഴിലാളികൾ തിരിച്ചു പോയെങ്കിൽ അവരുടെ തൊഴിലിടങ്ങളിൽ ഉള്ള അവസരങ്ങൾ മലയാളി നികത്തണം. കൊറോണ കാലത്ത് കേരളം സേഫ് ആണ്, വിദേശ മലയാളികൾ വന്നാൽ അതിൽ പ്രയാസം നേരിടും എന്ന രീതിയിലുള്ള മനോഭാവം വെച്ച് പുലർത്തുന്നത് ശരിയല്ല. അവർ വരുന്നത് ആരുടെയെങ്കിലും ഔദാര്യങ്ങളിലേക്കല്ല; മറിച്ച് സ്വന്തം നാട്ടിലേക്കും വീട്ടിലേക്കുമാണ് എന്നത് ആരും മറക്കരുത്.

മറ്റൊന്ന് വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാവേണ്ട മാറ്റമാണ്. കേരള ജനതയുടെ വിദ്യാഭ്യാസ, സാംസ്കാരിക ഔന്നിത്യമാണ് കൊറോണ കാലത്ത് ഫലപ്രദമായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സഹായകമായത് എന്നത് ഒരു യാഥാർഥ്യമാണ്. എന്നാൽ ലോകത്തെ ചലനങ്ങൾക്കനുസരിച്ച് നമ്മുടെ വിദ്യാഭ്യാസ നയങ്ങൾ ഇനിയും മാറേണ്ടതുണ്ട്. ചെറുപ്പക്കാർക്ക് പഠനത്തോടൊപ്പം തൊഴിൽ ചെയ്യാൻ പാകത്തിന് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ പ്രതീക്ഷ നൽകുന്നതാണ്. വിദേശ രാജ്യങ്ങളിൽ ഈ സമ്പ്രദായങ്ങൾ നിലവിലുണ്ട് താനും. വിദ്യാഭ്യാസം എന്നത് കേവലം സിലബസ് തീർക്കലല്ല, മറിച്ച് ഓരോരുത്തർക്കും അവരുടെ ഭാവിജീവിതത്തിന് ഉതകുന്ന അറിവുകളും അനുഭവങ്ങളും പരിശീലനങ്ങളും ലഭ്യമാക്കലാണ്. പ്രൈമറി വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരെ ഈ കാഴ്ചപ്പാടുകൾ പ്രതിഫലിക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയിട്ടും ജോലി ലഭ്യമാകാത്ത സാഹചര്യം, അല്ലെങ്കിൽ അവരുടെ ക്രിയായേഷിയെ പരിപോഷിപ്പിക്കാൻ തങ്ങളുടെ വിദ്യാഭ്യാസം സഹായകമാവാത്ത അവസ്ഥ ഇനിയും ഉണ്ടാവരുത്. സിലബസും പരീക്ഷയും ഒക്കെ ഒരു തലമുറയുടെ ഭാവി ഇരുളടയുന്ന രൂപത്തിൽ പ്രതിലോമകരമാവരുത്. സ്കിൽ ബേസ്ഡ് വിദ്യാഭ്യാസ സമ്പ്രദായവും തൊഴിൽ പരിശീലനങ്ങളും ശക്തമായി ഫോക്കസ് ചെയ്യുക തന്നെ വേണം. പ്രൈമറി തലത്തിൽ മത്സര പരീക്ഷകളുടെ പേരിൽ കുട്ടികളെ മാനസിക സമ്മർദത്തിൽ ആക്കുകയും അവരുടെ ക്രിയാശേഷി ഇല്ലാതാക്കുകയും ചെയ്യുന്ന പ്രവണത അടുത്ത കാലത്ത് കൂടി വരുന്നതായി കാണുന്നു. അതിൽ കൃത്യമായ ഇടപെടൽ സർക്കാർ നടത്തേണ്ടതുണ്ട്. പ്രാഥമിക വിദ്യാലയങ്ങളിൽ നിന്ന് കുട്ടികളുടെ കഴിവുകളെ തിരിച്ചറിയാനും അവ പരിപോഷിപ്പിക്കാനും അതിന്റെ വെളിച്ചത്തിൽ അവരുടെ ഭാവി കെട്ടിപ്പടുക്കാനും ഉള്ള സാഹചര്യങ്ങൾ ഉണ്ടാവണം. കേരളീയ സമൂഹത്തിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടിൽ സമൂല മാറ്റം വരേണ്ട കാലം അതിക്രമിച്ചു.

കൊറോണ സമ്മാനിച്ച മറ്റൊരു പ്രധാന മാറ്റം വർക്ക് ഫ്രം ഹോം എന്നതാണ്. സാമ്പത്തികമായി വലിയ നേട്ടങ്ങൾ ഈ രീതിയിൽ ഉണ്ടാക്കാൻ സാധിച്ചു എന്നത് ഒരു യാഥാർഥ്യമാണ്. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി വർക്ക് ഫ്രം ഹോം എന്നത് ഭാവിയിലെ ഒരു സ്ഥിരം സംവിധാനമായി മാറാം എന്നാണ് വിദഗ്ധർ പറയുന്നത്. വിദഗ്ധ തൊഴിലാളികൾക്ക് തങ്ങളുടെ തൊഴിലിടങ്ങളിൽ നേരിട്ടെത്താതെ തന്നെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ജോലി ചെയ്യാം എന്നത് ഒരു പ്രധാന മാറ്റമായി ഭാവിയിൽ വരും. ഇന്ന് ലോകത്തെ പ്രമുഖ കമ്പനികൾ വെർച്യുൽ ഓഫീസ് സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. ഇത്തരം ജോലി ചെയ്യുന്ന നിരവധി മലയാളികൾ നമ്മുടെ നാടുകളിൽ ഉണ്ട്. അത് ചെലവ് ചുരുക്കലിനൊപ്പം മൈഗ്രേഷൻ ഇല്ലാതെ വിദേശ പണം നമ്മുടെ നാട്ടിലേക്ക് എത്താൻ സാധ്യതകൾ തുറന്ന് നൽകുന്നു എന്നതും വസ്തുതയാണ്. ഇങ്ങനെ സാമ്പത്തിക പ്രതിസന്ധിയുടെ നാളുകളിൽ സ്വീകരിക്കാവുന്ന ചെലവ് ചുരുക്കൽ നടപടികളും അതോടൊപ്പം ക്രിയാത്മക സാമ്പത്തിക ഇടപാടുകളും നാളെകളിൽ അനിവാര്യമാണ്.

ധൂർത്തും അഴിമതിയും അമിതവ്യയവും മനഃപൂർവം മാറ്റിവെച്ച് ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയാൽ മാത്രമെ ഈ പ്രതിസന്ധിയെ ഒന്നോ രണ്ടോ വർഷങ്ങൾക്കുള്ളിൽ എങ്കിലും മറികടക്കാൻ നമുക്ക് സാധ്യമാവൂ. അത്യാവശ്യത്തിന് കാര്യങ്ങൾ ചെയ്യുക എന്നതിനപ്പുറം സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്ന ഇടപെടൽ ഉണ്ടാവില്ല എന്ന് നാം ഓരോരുത്തരും ഉറപ്പ് വരുത്തണം. ഈ പ്രതിസന്ധിയെ നേരിടാൻ നാം ഒറ്റക്കെട്ടായി ആസൂത്രിതമായ ഇടപെടൽ നടത്തണം. നമുക്ക് മാത്രമല്ല നമ്മുടെ ഭാവി തലമുറക്ക് കൂടി സ്വസ്ഥമായി ജീവിക്കാനുള്ള സാഹചര്യം ഒരുക്കുക എന്നത് ഈ ഇടപെടലുകളുടെ ലക്ഷ്യമാണ്.

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ 18




പക, വിരോധം, വിദ്വേഷം, വെറുപ്പ് തുടങ്ങിയ ദുർഗുണങ്ങളിൽനിന്ന് ഹൃദയത്തെ ശുദ്ധമാക്കൽ അനിവാര്യമാണ്. ഹൃദയത്തെ ബാധിക്കുന്ന മഹാരോഗങ്ങളാണ് അവയെല്ലാം. ഇത്തരം രോഗങ്ങളിൽനിന്നും സന്ദേഹങ്ങൾ, സംശയങ്ങൾ, ദേഹേഛകൾ, തന്നിഷ്ടങ്ങൾ തുടങ്ങിയ രോഗങ്ങളിൽനിന്നും സുരക്ഷിതമായി അല്ലാഹുവിനെ മരണാനന്തരം കണ്ടുമുട്ടുന്നവർക്കാണ് പാരത്രിക വിജയമെന്ന് വിശുദ്ധ ക്വുർആൻ പ്രഖ്യാപിക്കുന്നു:

"അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം. കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ. (അന്ന്) സൂക്ഷ്മത പാലിക്കുന്നവർക്ക് സ്വർഗം അടുപ്പിക്കപ്പെടുന്നതാണ്"(ക്വുർആൻ 26:90).

ജനങ്ങളിൽ ഉത്തമനും അതിശ്രേഷ്ഠനും ആരെന്ന ചോദ്യത്തിന് നബിﷺ നൽകിയ മറുപടിയിൽ നിന്ന് ഭക്തിയുടെയും മനഃശുദ്ധിയുടെയും മഹത്ത്വവും പ്രാധാന്യവും തെളിയുന്നു.

അബ്ദുല്ലാഹ് ഇബ്നുഅംറി﵁ൽ നിന്ന് നിവേദനം: "അല്ലാഹുവിന്റെ ദൂതൻ, ചോദിക്കപ്പെട്ടു: 'ജനങ്ങളിൽ ആരാണ് ഏറ്റവും ശ്രേഷ്ഠൻ?' തിരുനബിﷺ പറഞ്ഞു: 'എല്ലാ മഖ്മൂമുൽകൽബും സ്വദൂക്വുല്ലിസാനുമാണ്. അവർ ചോദിച്ചു: 'സ്വദൂക്വുല്ലിസാൻ (സംസാരത്തിൽ സത്യസന്ധൻ) ഞങ്ങൾക്കറിയും. എന്നാൽ എന്താണ് മഖ്മൂമുൽകൽബ്?' തിരുനബി പറഞ്ഞു: 'പാപമോ അതിക്രമമോ ചതിയോ അസൂയയോ തീരെയില്ലാത്ത ശുദ്ധനും ഭക്തനുമാണ് അയാൾ" (സുനനുഇബ്നിമാജഃ. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

സത്യവിശ്വാസികളായ ദാസന്മാരുടെ വിശേഷണം അറിയിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്കുമുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരന്മാർക്കും നീ പൊറുത്തുതരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 59:10).

അബൂഹുറയ്റ﵁യിൽ നിന്ന് നിവേദനം: തിരുമേനി പറഞ്ഞു: "സത്യവശ്വാസി (തന്റെ മനഃശുദ്ധി കാരണത്താൽ) വഞ്ചിക്കപ്പെടുന്നവനും മാന്യസ്വഭാവക്കാരനുമാണ്. തെമ്മാടിയാകട്ടെ, തെറ്റിനു മിടുക്കനും നീച സ്വഭാവക്കാരനുമാണ്" (സുനനുഅബീദാവൂദ്, മുസ്നദു അഹ്മദ്. ഹദീഥിന്റെ സനദ് ചുരുങ്ങിയ പക്ഷം ഹസനാണെന്ന് അഹ്മദ് ശാകിർ വിശേഷിപ്പിച്ചു. അൽബാനി ദഈഫെന്ന് വിധിച്ചു).


തിരുമേനി തന്റെ മനസ്സ് എത്രമാത്രം സുരക്ഷിതമാക്കുവാൻ ശ്രദ്ധിച്ചരുന്നുവെന്ന് താഴെ വരുന്ന ഹദീഥ് അറിയിക്കുന്നു.

ഇബ്നുമസ്ഊദി﵁ൽനിന്ന് നിവേദനം; തിരുദൂതർﷺ പറഞ്ഞു:"എന്റെ അനുചരന്മാരിൽ ഒരാളും ഒരാളെക്കുറിച്ചും (മനസ്സിൽ വെറുപ്പുളവാക്കുന്ന) ഒന്നും എന്നിലേക്ക് എത്തിക്കരുത്. കാരണം ഞാൻ സുരക്ഷിതമായ ഹൃദയവുമായി നിങ്ങളെ കണ്ടുമുട്ടുവാനാണ് ഇഷ്ടപ്പെടുന്നത്" (സുനനുഅബീദാവൂദ്. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

മനഃശുദ്ധിയുള്ള മനുഷ്യരുടെ മഹത്ത്വം വിളിച്ചറിയിക്കുന്ന ഒരു സംഭവം ഇപ്രകാരം സ്ഥിരപ്പെട്ടിട്ടുണ്ട്. അനസി﵁ൽ നിന്നും നിവേദനം; അദ്ദേഹം പറഞ്ഞു:

"ഞങ്ങൾ തിരുദൂതരുടെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ തിരുമേനിﷺ പറഞ്ഞു: 'ഇപ്പോൾ നിങ്ങളുടെ അടുത്തേക്ക് സ്വർഗവാസികളിൽപെട്ട ഒരാൾ വന്നെത്തും.' അപ്പോൾ അൻസ്വാരികളിൽപെട്ട ഒരാൾ വന്നു. അദ്ദേഹത്തിന്റെ താടിയിലൂടെ വുദൂഇന്റെ വെള്ളം ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. ഇടതുകയ്യിൽ അദ്ദേഹത്തിന്റെ ചെരിപ്പുകൾ പിടിച്ചിരുന്നു. അങ്ങനെ അടുത്ത ദിവസമായപ്പോൾ നബിﷺ അപ്രകാരം തന്നെ പറഞ്ഞു. അപ്പോഴും ആദ്യപ്രാവശ്യത്തെപ്പോലെ ആ മനുഷ്യൻ കടന്നുവന്നു. മൂന്നാം ദിവസമായപ്പോഴും നബിﷺ അപ്രകാരം തന്നെ പറഞ്ഞു. ആദ്യത്തെ അതേ അവസ്ഥയിൽ ആ മനുഷ്യൻ അന്നും അവരിലേക്ക് കടന്നുവന്നു. അങ്ങനെ നബിﷺ എഴുന്നേറ്റപ്പോൾ അബ്ദുല്ലാഹ് ഇബ്നുഅംറ്﵁ ആ മനുഷ്യനെ പിന്തുടർന്നു പോയി... ശേഷം (അബ്ദുല്ലാഹ്) പറയുകയാണ്: 'താങ്കൾ എന്തെല്ലാം പ്രവർത്തി





ദായകവുമാണ്. പകയും വിദ്വേഷവും മനസ്സിന് ഭാരവും ശിക്ഷയുമാണ്. അന്ത്യനാളിൽ വിശ്വാസികളുടെ മനസ്സിനെ സ്ഫുടം ചെയ്യുകയും അസൂയയും വിദേഷവും നീക്കി ഹൃദയത്തെ സംശുദ്ധമാക്കി അല്ലാഹു അവരെ ആദരിക്കുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. സ്വർഗവാസികളെക്കുറിച്ച് പറയുന്നത് നോക്കൂ:

"അവരുടെ (വിശ്വാസികളുടെ) മനസ്സുകളിലുള്ള ഉൾപകയെല്ലാം നാം നീക്കിക്കളയുന്നതാണ്. അവരുടെ താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവർ പറയുകയും ചെയ്യും: ഞങ്ങളെ ഇതിലേക്ക് നയിച്ച അല്ലാഹുവിന് സ്തുതി. അല്ലാഹു ഞങ്ങളെ നേർവഴിയിലേക്ക് നയിച്ചിരുന്നില്ലെങ്കിൽ ഞങ്ങളൊരിക്കലും നേർവഴി പ്രാപിക്കുമായിരുന്നില്ല. ഞങ്ങളുടെ രക്ഷിതാവിന്റെ ദൂതന്മാർ തീർച്ചയായും സത്യവും കൊണ്ടാണ് വന്നത്. അവരോട് വിളിച്ചു പറയപ്പെടുകയും ചെയ്യും: അതാ, സ്വർഗം. നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി നിങ്ങൾ അതിന്റെ അവകാശികളാക്കപ്പെട്ടിരിക്കുന്നു"(ക്വുർആൻ 7:43).

"അവരുടെ ഹൃദയങ്ങളിൽ വല്ല വിദ്വേഷവുമുണ്ടെങ്കിൽ നാമത് നീക്കം ചെയ്യുന്നതാണ്. സഹോദരങ്ങളെന്ന നിലയിൽ അവർ കട്ടിലുകളിൽ പരസ്പരം അഭിമുഖമായി ഇരിക്കുന്നവരായിരിക്കും"(ക്വുർആൻ 15:47).

സഹോദരങ്ങൾക്കു നേരെ പകയും വിദേഷവും മനസ്സിൽ കൊണ്ടുനടക്കൽ നിഷിദ്ധവും അത്യന്തം അപകടവുമാണ്. ഒരു തിരുമൊഴി അബൂഹുറയ്റ ﷺയിൽ നിന്ന് ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്:

"തിങ്കളാഴ്ചയും വ്യാഴാഴ്ചയും സ്വർഗകവാടങ്ങൾ തുറക്കപ്പെടുകയും അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാത്ത എല്ലാ ദാസന്മാർക്കും പൊറുത്തു കൊടുക്കുകയും ചെയ്യും; തന്റെയും സഹോദരന്റെയും ഇടയിൽ പിണക്കമുള്ള ഒരു വ്യക്തിക്കൊഴിച്ച്. പറയപ്പെടും: 'തെറ്റുതീർത്ത് നന്നാവുന്നതുവരെ ഈ രണ്ടുപേർക്കും ഇടകൊടുക്കുക. തെറ്റുതീർത്ത് നന്നാവുന്നതുവരെ ഈ രണ്ടുപേർക്കും ഇടകൊടുക്കുക. തെറ്റുതീർത്ത് നന്നാവുന്നതുവരെ ഈ രണ്ടുപേർക്കും ഇടകൊടുക്കുക"(മുസ്ലിം).

ക്കുന്നു എന്ന് വീക്ഷിച്ച് അവ പിന്തുടരുവാൻ താങ്കളുടെ കൂടെ താമസിക്കുവാൻ ഞാൻ ഉദ്ദേശിച്ചു. പക്ഷേ, താങ്കൾ ധാരാളമായി കർമങ്ങൾ ചെയ്യുന്നതായി ഞാൻ കണ്ടില്ല. പിന്നെ എന്താണ് തിരുമേനി പറഞ്ഞതിലേക്ക് താങ്കളെ എത്തിച്ചത്?' അദ്ദേഹം പറഞ്ഞു: 'നിങ്ങൾ കണ്ടതല്ലാത്ത മറ്റൊന്നും എന്നിലില്ല.' ഞാൻ മടങ്ങുമ്പോൾ അദ്ദേഹം എന്നെ വിളിച്ചു. എന്നിട്ട് പറഞ്ഞു: 'മുസ്ലിംകളിൽ ഒരാളോടും എന്റെ മനസ്സിൽ ഒട്ടും ചതിയില്ല. ഞാൻ ഒരാളോടും അല്ലാഹു അയാൾക്ക് കൊടുത്ത നന്മയിൽ അസൂയ കാണിക്കാറില്ല.' അപ്പോൾ അബ്ദുല്ലാഹ് ﷺ പറഞ്ഞു: 'ഇത് തന്നെയാണ് (നബി ﷺ പറഞ്ഞതിലേക്ക്) താങ്കളെ എത്തിച്ചത്" (മുസ്നദുഅഹ്മദ്. (മുസ്നദിൽനിന്ന് ചുരുക്കരൂപത്തിൽ). ശുഐബുൽഅർനാഊത്വ് സനദിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

മറ്റൊരു റിപ്പോർട്ടിൽ ഇത്രകൂടിയുണ്ട്: "ഒരാളോടും യാതൊരു പകയുമില്ലാതെയാണ് ഞാൻ എന്റെ കിടപ്പറ പ്രാപിക്കാറുള്ളത്" (ഇത്തിഹാഫുൽ മഹറ).

മനസ്സിന്റെ സുരക്ഷയും പകയില്ലായ്മയും വലിയ അനുഗ്രഹവും സുഖ

പി.എൻ അബ്ദുർറഹ്മാൻ
pnabdumon@gmail.com

സംശയനിവാരണം




# സകാത്ത്, നിക്ഷേപം

*ഭാര്യയുടെ സ്വർണത്തിന്റെ സകാത്ത് ഭർത്താവിന് നൽകാമോ?*

ഈ ചോദ്യത്തിന് രണ്ടു തലങ്ങളുണ്ട്. ഒന്ന്, ഒരു ഭാര്യക്ക് തന്റെ സകാത്ത്, സകാത്തിന് അർഹനായ ഭർത്താവിന് നൽകിയാൽ അത് വീടുമോ? മറ്റൊന്ന്, ഭാര്യ നൽകേണ്ടതായ സകാത്ത് ഭർത്താവ് നിർവഹിച്ചാൽ അത് വീടുമോ?

ആദ്യത്തെ ചോദ്യം ഭാര്യക്ക് തന്റെ സകാത്ത്, സകാത്തിന് അവകാശിയായ തന്റെ ഭർത്താവിന് നൽകാമോ എന്നതാണ്. ഭർത്താവ് അവകാശിയാണ് എങ്കിൽ തീർച്ചയായും നൽകാം എന്നതാണ് അതിനുള്ള മറുപടി. പക്ഷേ, ഇവിടെ നാം ശ്രദ്ധിക്കേണ്ടത് നൽകുക എന്ന പ്രക്രിയ അവിടെ നടക്കണം എന്നതാണ്.

കാരണം പലപ്പോഴും ആളുകൾ ഈ ചോദ്യം ചോദിക്കാറുള്ളത്; സാധാരണ ഭാര്യയുടെ സകാത്ത് ഭർത്താവാണ് നൽകി വരാറുള്ളത്. ഇപ്പോൾ ഭർത്താവ് അൽപം പ്രയാസത്തിലാണ്. അപ്പോൾ ആ സകാത്ത് ഭർത്താവിന് നൽകി എന്ന് കണക്കാക്കി ആ ബാധ്യത ഒഴിവാക്കുക എന്ന അർഥത്തിലാണ്. ഭർത്താവിന് ആ പണം യഥാർഥത്തിൽ നൽകുന്നില്ല. അത് പാടില്ല. ഭാര്യ തന്റെ സകാത്ത്, സാമ്പത്തികമായി പ്രയാസപ്പെടുന്ന തന്റെ ഭർത്താവിന് നൽകുന്നുവെങ്കിൽ നൽകുക എന്ന പ്രക്രിയ അവിടെ യഥാർഥത്തിൽ നടക്കേണ്ടതുണ്ട്.

ഇനി ഭാര്യയുടെ സകാത്ത് (അവകാശിയാണ് എങ്കിൽ) ഭർത്താവിന് നൽകാം എന്നതിനുള്ള തെളിവ് നോക്കാം:

അബൂസഈദ് അൽ ഖുദ്‌രി ﵁ നിവേദനം: "നബി ﷺ സ്ത്രീകളോട് ദാനധർമം ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ അബ്ദുല്ലാഹ്ബ്ൻ മസ്ഊദ് ﵁ വിന്റെ ഭാര്യ സൈനബ് ﵂ നബി ﷺ യുടെ അരികിൽ വന്നുകൊണ്ടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, താങ്കൾ ഇന്ന് ദാനധർമം കൽപിച്ചുവല്ലോ. എന്റെ കയ്യിൽ എന്റെ കുറച്ച് ആഭരണങ്ങളുണ്ട്. അത് ഞാൻ ദാനം ചെയ്യാൻ ഉദ്ദേശിക്കുന്നു.' അപ്പോൾ ഇബ്നു മസ്ഊദ് ﵁ താനും തന്റെ മക്കളുമാണ് അതിനേറ്റവും അർഹർ എന്ന് വാദിച്ചു. അപ്പോൾ നബി ﷺ പറഞ്ഞു: 'ഇബ്നു മസ്ഊദ് പറഞ്ഞത് സത്യമാണ്. നിന്റെ ഭർത്താവും മക്കളുമാണ് നിന്റെ ദാനധർമം സ്വീകരിക്കുന്നവരിൽ വച്ചേറ്റവും അർഹർ." (സ്വഹീഹുൽ ബുഖാരി: 1462, സ്വഹീഹ് മുസ്‌ലിം: 1000).

ഇവിടെ തന്റെ സാമ്പത്തികമായ പ്രയാസം കാരണത്താൽ ഭാര്യയുടെ ദാനത്തിന് ഏറ്റവും അർഹൻ താൻ തന്നെയാണ് എന്ന ഇബ്നു മസ്ഊദ് ﵁ വിന്റെ വാദത്തെ നബി ﷺ ശരിവെച്ചത് കാണാം. നിർബന്ധമായ ദാനധർമങ്ങളോ ഐഛികമായ ദാനധർമങ്ങളോ എന്നിങ്ങനെ അതിൽ വ്യത്യാസമില്ല. ഹദീഥിന്റെ പൊരുൾ നോക്കുമ്പോൾ ഐഛികമായ ദാനധർമമായിരിക്കാം ഇവിടെ പ്രതിപാദിക്കപ്പെട്ട വിഷയമെങ്കിലും അവ പരസ്പരം നബി ﷺ വേർതിരിച്ചിട്ടില്ല. അതുകൊണ്ട് എല്ലാതരം ദാനധർമങ്ങൾക്കും ബാധകമാകും വിധം ആയിത്തന്നെ ഈ നിയമം നിലനിൽക്കുന്നു. മാത്രമല്ല ഭർത്താവിന് സകാത്ത് നൽകിയാൽ വീടില്ല എന്ന് മറ്റെവിടെയും പറഞ്ഞിട്ടുമില്ല. സകാത്താണ് നൽകുന്നത് എങ്കിൽ ഭർത്താവ് സകാത്തിന് അർഹനായിരിക്കണം എന്നത് മാത്രമാണ് പരിഗണിക്കേണ്ടത്.

രണ്ടാമത്തെ വിഷയം; ഭാര്യ നൽകേണ്ടതായ സകാത്ത് ഭർത്താവ് നൽകിയാൽ അത് വീടുമോ എന്നതാണ്.

സകാത്ത് ഓരോ വ്യക്തിക്കും ബാധകമാകുന്ന ഒന്നാണ്. ആരുടെ മേലാണോ അത് ബാധകമാകുന്നത് അവരാണ് അനുഷ്ഠിക്കാൻ ബാധ്യസ്ഥർ. എന്നാൽ ഭാര്യയുടെ അറിവോടെ ആ ബാധ്യത ഭർത്താവ് ഏറ്റെടുത്ത് നിർവഹിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഭർത്താവ് അപ്രകാരം ചെയ്യാൻ ബാധ്യസ്ഥനാണ് എന്ന് പറയാൻ കഴിയുകയില്ല. സകാത്ത് 'തൗകീൽ' അഥവാ മറ്റൊരാളെ ഏൽപിക്കൽ അനുവദനീയമായ ഒരു ഇബാദത്ത് ആയതുകൊണ്ടുതന്നെ ഭാര്യയുടെ ബാധ്യത വേണമെങ്കിൽ ഭർത്താവിന് ഏറ്റെടുത്ത് അത് നിർവഹിക്കാൻ അവരെ സഹായിക്കാം. ഏതായാലും സ്ത്രീകൾക്ക് അധികവും ആഭരണങ്ങളുടെയും മറ്റുമൊക്കെ സകാത്താണ് കൂടുതൽ ബാധ്യതയായി ഉണ്ടാകാറ്. അതിന്റെ നിസ്വാബ് എത്തിയിട്ടുണ്ടോ, എത്രയാണ് അതിന്റെ സകാത്ത് കൊടുക്കേണ്ടത് തുടങ്ങിയ കാര്യങ്ങളൊക്കെ കണക്കാക്കാൻ ഭർത്താക്കന്മാർ അവരെ സഹായിക്കണം. നേരത്തെ സൂചിപ്പിച്ചത് പോലെ അവരുടെ അറിവോടെ അവരുടെ ബാധ്യത നിറവേറ്റിക്കൊടുക്കുകയുമാകാം.



*ഭാര്യയുടെ സ്വർണം 85 ഗ്രാമിൽ അധികമുണ്ട്. ചെറിയ പെൺമക്കളുടെ സ്വർണം കൂടി ചേർത്ത് മൊത്തം സ്വർണത്തിന്റെ തൂക്കം കണക്കാക്കിയല്ലേ സകാത്ത് കൊടുക്കേണ്ടത്? മക്കളുടെ സ്വർണം 85 ഗ്രാമില്ലാത്തത് കൊണ്ട് അത് ഒഴിവാക്കി ഭാര്യയുടെ മാത്രം കൂട്ടിയാൽ മതി എന്ന് ഒരാൾ പറഞ്ഞു. ഒന്ന് വിശദീകരിക്കാമോ?*

സകാത്ത് ഓരോ വ്യക്തിയുടെയും ധനത്തിലാണ് ബാധകമാകുന്നത്. ഒരു കുടുംബത്തിന്റെ മൊത്തം ധനത്തിൽ എന്ന അർഥത്തിലല്ല. അതുകൊണ്ടുതന്നെ ഭാര്യയുടെ സ്വർണം വേറെയും മകളുടെ സ്വർണം വേറെയുമായി പരിഗണിച്ചാൽ മതി. ഇനി മകളുടെ കൈവശമുള്ള ആഭരണങ്ങളും ഉമ്മയുടെതാണ്, മകൾക്ക് ധരിക്കാൻ കൊടുക്കുക മാത്രമെ ചെയ്തിട്ടുള്ളൂ എങ്കിൽ അവിടെ ഉമ്മ തന്റെ സ്വർണത്തോടൊപ്പം ആ സ്വർണവും കൂട്ടി സകാത്ത് കണക്കാക്കണം.

*ഒരാൾ ഭൂമി വാങ്ങി. വിൽക്കണോ വിൽക്കണ്ടേ എന്ന് ഉറപ്പിച്ചിട്ടില്ല. ആ ഭൂമിക്ക് സകാത്ത് കൊടുക്കണോ?*

അടിസ്ഥാനപരമായി ഭൂമി സകാത്ത് ബാധകമാകുന്ന ഇനങ്ങളിൽ ഒന്നല്ല. അത് കച്ചവടവസ്തു ആകുമ്പോൾ മാത്രമാണ് അതിന് സകാത്ത് ബാധകമായി വരുന്നത്. അതുകൊണ്ടുതന്നെ വിൽക്കാൻ ഒരാൾ തീരുമാനം എടുത്തിട്ടില്ലാത്ത ഭൂമിക്ക് സകാത്ത് ഇല്ല. വിൽപനക്ക് ഉള്ളതാണ് എന്ന് തീരുമാനിച്ചാൽ ഓരോ വർഷത്തെ സകാത്ത് കണക്കാക്കുമ്പോഴും അതിന്റെ ആ സമയത്തെ വില പരിഗണിച്ച് 2.5% സകാത്തായി നൽകണം. ഇനി വിൽക്കാൻ തീരുമാനിച്ചിട്ടും നിയമപ്രശ്നങ്ങൾ കൊണ്ടോ മറ്റോ വിൽപന നടക്കാതെ കെട്ടിക്കിടക്കുകയാണ് എങ്കിൽ അതിനും സകാത്ത് നൽകേണ്ടതില്ല. വിൽക്കപ്പെടുന്ന വർഷം മാത്രം നൽകിയാൽ മതി.

മേൽ ചോദിച്ച ചോദ്യത്തിന് സമാനമായ ചോദ്യം ശൈഖ് ഇബ്നു ഉസൈമീൻ(റഹ്)യോട് ചോദിക്കപ്പെട്ടു: 'ഒരാളുടെ കൈവശം ഭൂമിയുണ്ട്. അദ്ദേഹത്തിനാകട്ടെ ഒരു കൃത്യമായ തീരുമാനം അതിന്റെ കാര്യത്തിലില്ല. അത് വിൽക്കണോ അതല്ല ഉപയോഗിക്കണോ, വാടകക്ക് കൊടുക്കണോ, അവിടെ താമസിക്കണോ... ഇതിൽ എന്താണ് വേണ്ടത് എന്ന് അദ്ദേഹത്തിനറിയില്ല. ഹൗൽ തികയുമ്പോൾ ആ ഭൂമിക്ക് അദ്ദേഹം സകാത്ത് കൊടുക്കണോ?

അദ്ദേഹം നൽകിയ മറുപടി: 'അത് വിൽപന




ക്ക് ഉള്ളതാണ് എന്ന് ഉറച്ച തീരുമാനം ഇല്ലാത്തിടത്തോളം ആ ഭൂമിക്ക് സകാത്ത് ബാധകമല്ല. എന്താണ് ചെയ്യേണ്ടത് കൃത്യമായ തീരുമാനം ഇല്ലാതെ അദ്ദേഹം സംശയത്തിലായതുകൊണ്ട് അതിന് സകാത്ത് ബാധകമാകുന്നില്ല. ഇനി നൂറിൽ ഒരംശം അദ്ദേഹം (അത് വിൽക്കണോ വേണ്ടയോ) എന്ന് അദ്ദേഹം സംശയത്തിലാണ് എന്നുവന്നാൽ പോലും അതിന് സകാത്ത് ബാധകമാകുകയില്ല.'

ഇവിടെ നാം മനസ്സിലാക്കേണ്ടത് ഓരോ വ്യക്തിയുടെയും ഉദ്ദേശ ലക്ഷ്യങ്ങൾ സൂക്ഷ്മമായി അറിയുന്നവനാണ് അല്ലാഹു എന്നതാണ്. അതുകൊണ്ടുതന്നെ ഒരാൾക്ക് വിൽപന ഉദ്ദേശിക്കുന്ന വിൽപന വസ്തുവാണ് എന്ന് അറിയാമെങ്കിൽ അതിന്റെ സകാത്ത് കൊടുക്കണം. അല്ല അക്കാര്യം ഒന്നും തീരുമാനിച്ചിട്ടില്ല എങ്കിൽ സകാത്ത് ബാധകമാകുന്നുമില്ല.

അതോടൊപ്പം നാം മനസ്സിലാക്കേണ്ടത്; ഭൂമി വെറുതെ പാഴാക്കിയിടാൻ ഇസ്‌ലാം അനുവദിക്കുന്നില്ല, പ്രത്യേകിച്ചും കൃഷിഭൂമി. തനിക്കും സമൂഹത്തിനും ഉപകരിക്കുന്ന രൂപത്തിൽ അത് അവർ ഉൽപന്നക്ഷമമാക്കണം. അല്ലാത്തപക്ഷം നാളെ അല്ലാഹുവിന്റെ മുന്നിൽ മറുപടി പറയേണ്ടി വരും.

*ഒരു കുറിയിൽ ഇതുവരെ അടച്ചിട്ടുള്ള നിക്ഷേപവും എന്റെ കൈവശമുള്ള തുകയും, പി.എഫിലെ തുകയും ഒക്കെ ചേർത്ത് അവയുടെ കണക്കുകൂട്ടിയപ്പോൾ ഏകദേശം 6500 രൂപ സകാത്തായി നൽകാൻ ഞാൻ ബാധ്യസ്ഥനാണ്. ഇപ്പോൾ ലോക്ക് ഡൗൺ സമയമാണ്. എന്റെ കൈവശം ആകെ ചെലവിനുള്ള 13000 രൂപയേ ഉള്ളൂ. എന്റെ സകാത്ത് ഇപ്പോൾ തന്നെ കൊടുക്കണോ അതോ പിന്നെ കൊടുത്താൽ മതിയോ? സകാത്തിന്റെ പണം നൽകിയാലും ഒരു മാസം ചെലവിനുള്ളത് തികയും.*

ഒരാൾ സകാത്ത് നൽകാൻ ബാധ്യസ്ഥനായിത്തീരുകയും അത് നിർവഹിക്കാൻ സാധിക്കുന്ന വ്യക്തിയായിരിക്കുകയും ചെയ്താൽ അത് ഉടനെ നൽകൽ നിർബന്ധമാണ്. ന്യായമായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമെ വൈകിപ്പിക്കൽ അനുവദനീയമാകുന്നുള്ളൂ.

അതുകൊണ്ടുതന്നെ താങ്കളെ സംബന്ധിച്ചിടത്തോളം ഈ സമയത്ത് സകാത്ത് നൽകുന്നത് താങ്കളുടെ പ്രാഥമിക ചെലവിനുള്ള പണം കണ്ടെത്താൻ സാധിക്കാതെ പ്രയാസപ്പെടുന്ന ഒരു സാഹചര്യം ഉണ്ടാക്കുമെങ്കിൽ, നൽകാൻ കഴിയുന്ന ഒരു സമയത്തേക്ക് അത് മാറ്റിവെക്കാം. പക്ഷേ, ഇത്ര തുക സകാത്ത് ഇനത്തിൽ ഞാൻ നൽകാൻ ഉണ്ട് എന്നത് കൃത്യമായി രേഖപ്പെടുത്തി വെക്കുകയോ, ഉമ്മയോടോ ഭാര്യയോടോ ഒക്കെ പറഞ്ഞുവെക്കുകയോ ചെയ്യണം. കാരണം നാളെ നമുക്ക് എന്തെങ്കിലും സംഭവിച്ചാൽ അത് നിർഹിക്കപ്പെടാതെ പോകാൻ പാടില്ല.

ഇനി താങ്കൾ സൂചിപ്പിച്ച പോലെ സകാത്തിന്റെ പണം ഇപ്പോൾ തന്നെ നൽകാൻ സാധിക്കും, അത് നൽകിയാലും തന്റെ പ്രാഥമിക ആവശ്യങ്ങൾക്കുള്ള പണം കയ്യിൽ ബാക്കിയാകും എന്നാണെങ്കിൽ ഇപ്പോൾ തന്നെ നൽകുകയാണ് വേണ്ടത്. അതുകൊണ്ടു നിങ്ങൾ ബുദ്ധിമുട്ടേണ്ട ഒരു സാഹചര്യം ഉണ്ടാകുമെങ്കിൽ സാധിക്കുന്ന ഒരു സമയത്തേക്ക് നീട്ടിവെക്കുകയും ചെയ്യാം. അഥവാ ഈ വിഷയത്തിൽ നാം അടിസ്ഥാനപരമായി മനസ്സിലാക്കേണ്ടത് നമുക്ക് കൃത്യമായ ഒരു കാരണമുണ്ടെങ്കിലല്ലാതെ നൽകാനുള്ള സകാത്ത് നീട്ടിവെക്കാൻ പാടില്ല എന്നാണ്.

ഇമാം നവവി ؒ പറയുന്നു: 'ഇമാം മാലിക്(റഹ്) ഇമാം അഹ്മദ്(റഹ്) തുടങ്ങി ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായപ്രകാരം ഒരാളുടെമേൽ സകാത്ത് എപ്പോഴാണോ നിർബന്ധമായിത്തീരുന്നത്, അയാൾ അത് നൽകാൻ പ്രാപ്തനാണ് എങ്കിൽ അത് ഉടൻ നൽകൽ നിർബന്ധമാണ്. അത് വൈകിപ്പിക്കൽ അനുവദനീയമല്ല. കാരണം അല്ലാഹു പറയുന്നു: 'നിങ്ങൾ സകാത്ത് നൽകുക.' കൽപനകൾ അടിസ്ഥാനപരമായി കാലതാമസമില്ലാതെ നിറവേറ്റപ്പെടണം എന്നതാണ് തത്ത്വം.'

അതുകൊണ്ട് താങ്കളുടെ അവസ്ഥ പരിഗണിച്ച് താങ്കൾക്ക് ഉചിതമായ നിലപാട് കൈക്കൊള്ളാം. അല്ലാഹു അനുഗ്രഹിക്കട്ടെ.

കവിത

ഷഹനാസ് ചാത്തോത്ത്
mail@nerpatham.com




# വ്രതശുദ്ധി

വിശുദ്ധ റമദാനിന്നിതാ വന്നെത്തി
വിശുദ്ധി കാത്തിടേണ്ട ദിനങ്ങളെത്തി
ഉടയോൻ ദയാവായ്പ് കൊതിക്കെല്ലാരും
ഉണ്ടോ നാളെ നമ്മൾ അറിയില്ലാർക്കും.

ഇന്നിൻ ഗതിയതു മറക്കേണ്ടാരും
ഇല്ല ഇന്നലെ നാം കണ്ടവർ പലരും
ഇറയോൻ പരീക്ഷണം ജയിക്കെല്ലാരും
ഇരവും പകലുമായ് തേടുകെല്ലാരും.

പാരിൽ പരീക്ഷണം പലതും കണ്ടോ,
പാട് പെടുന്നോർ തൻ കരച്ചിൽ കേട്ടോ?
വേണ്ട നിരാശ നിൻ മനസ്സിലിപ്പോൾ
വേണം പ്രതീക്ഷതൻ വെളിച്ചമിപ്പോൾ

നാഥന്റരുൾ നിന്റെ മനസ്സിലില്ലേ
കാക്കാൻ സൂക്ഷ്മത, നീ മറന്നീടല്ലേ
വിശപ്പും ദാഹവും അത് വെറുതെയല്ല
വ്രതമൊരു പരിചയെന്നറിയുന്നില്ലേ.

പാപം പിണഞ്ഞതിൽ പരിതപിക്ക്
പാടെ പൊറുക്കാനായ് ദുആയിരക്ക്
രാവിൽ തനിച്ചു നീ കരഞ്ഞു തേട്
ഏകൻ പൊറുക്കുമെന്നറിഞ്ഞു കൂടേ?

അറിയൂ ദുനിയാവിൽ സ്ഥിരമല്ലെന്ന്
മരണം ഒരു നാളിൽ പിടിക്കുമെന്ന്
വരണം മനസ്സുള്ളിൽ തക്വയെന്നും
വലിയ പ്രതിഫലം അതിനാണെന്നും.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ലോക്ക്ഡൗൺ പിരീഡിൽ എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ഒരേ നമ്പറിൽ നിന്ന് ഒരാഴ്ചയിൽ ഒന്നിലധികം മത്സരങ്ങൾ പങ്കെടുക്കാൻ സാധ്യമാകില്ല.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ അയച്ചതിനെ ആധാരമാക്കിയാണ് ഓരോ ആഴ്ചയിലെയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- ഓരോ മത്സരത്തിലും ലഭിച്ച മാർക്കുകൾ ഉൾപ്പെടുത്തിയാണ് ഫൈനൽ മത്സരത്തിലെ വിജയികളെ തെരഞ്ഞെടുക്കുന്നത്. ഫൈനൽ പോയിന്റിൽ തുല്യത പാലിച്ചാൽ തുടർ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തും.
- ഓരോ മത്സരത്തിലും ലഭിക്കുന്ന മാർക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പോയിന്റ് ടേബിൾ ഓൺലൈനിൽ ലഭ്യമാവും.
- മെഗാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാന പ്രോഗ്രാമിലായിരിക്കും വിതരണം ചെയ്യുക.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 173

**ഒന്നാം സമ്മാനം:**
Farhana Mohiyadheen, Razah Bin Adi Street, Al Malaz - Riyadh, Saudi Arabia

**രണ്ടാം സമ്മാനം:**
Abdullah N Uppala, Hira God's Gift, Nayabazar, Uppala, Kasaragod

**മൂന്നാം സമ്മാനം:**
Habeeb C.E, Unnirishan parambu, Nambyapuram Road, Palluruthy, Kochin 6

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com

കാഴ്ച



# മരുന്ന് കഞ്ഞിയുടെ മണമുള്ള റമദാൻ

‘എന്നാണാവോ ഇതൊന്ന് രുചിക്കാനാവുക?’

കോളേജിൽ പഠിക്കുന്ന കാലത്ത് റമദാനിൽ പല ആവശ്യങ്ങൾക്കായി മണ്ണാർക്കാട് ആശുപത്രിപ്പടിയിൽ എത്തുമ്പോൾ മനസ്സിനോട് ചോദിക്കുന്ന ചോദ്യമാണിത്. പബ്ലിക് ലൈബ്രറിക്ക് മുമ്പിലെ ജുമാ മസ്ജിദിൽ നിന്നും റമദാൻ ഒന്നു മുതൽ പ്രത്യേകമായി വിളമ്പുന്ന ‘നോമ്പ് കഞ്ഞി’യുടെ പാചകം ഉച്ചയാകുമ്പോഴേക്കും ആരംഭിക്കുന്നതിന്റെ കൊതിപ്പിക്കുന്ന മണം പരിസരമാകെ പരക്കും. നെയ്യിൽ വറുത്തെടുക്കുന്ന അണ്ടിപ്പരിപ്പിന്റെയും ഉണക്ക മുന്തിരിയുടെയും കഞ്ഞിയിൽ ചേർക്കാനായി മുറിച്ചുവച്ചിരിക്കുന്ന പഴുത്ത കൈതച്ചക്കയയടക്കമുള്ള വ്യത്യസ്ത പഴവർഗങ്ങളുടെയും കാഴ്ച ഏതൊരാളുടെയും വായിൽ കപ്പലോടിക്കാനുള്ള വെള്ളം നിറക്കും.

ഇതൊന്ന് രുചിക്കണമെങ്കിൽ മഗ്‌രിബ് വരെ മണ്ണാർക്കാട് തങ്ങേണ്ടി വരും എന്ന ചിന്ത ആ സാഹസത്തിൽ നിന്നും എന്നെ പിന്തിരിപ്പിക്കാറായിരുന്നു പതിവ്. കാരണം നോമ്പ് തുറന്നതിന് ശേഷം പിന്നെ നാട്ടിലേക്ക് ബസ് കിട്ടിയെന്ന് വരില്ല.

1994 ൽ അടൂരിൽ അധ്യാപക പരിശീലന കോഴ്സ് ചെയ്യുന്ന കാലം. മറ്റു മൂന്ന് സുഹൃത്തുക്കളുടെ കൂടെ ഒരു വീടെടുത്താണ് താമസം. താമസക്കാരിലെ ഏക മുസ്‌ലിം ആയ ഞാൻ നോമ്പ് ആയിക്കഴിഞ്ഞാൽ ഇടക്കൊക്കെ കൊട്ടാരക്കരയിലുള്ള സുഹൃത്ത് ആസാദിന്റെ വീട്ടിൽ പോകും.

അന്നാണ് തെക്കുഭാഗത്തെ നോമ്പ് തുറയുടെ വ്യത്യസ്തത അടുത്തറിയാനായത്. മഗ്‌രിബ് സമയം ആകുമ്പോഴേക്കും പ്രദേശത്തെ ഒട്ടുമിക്ക പുരുഷൻമാരും കുട്ടികളെയും കൂട്ടി നോമ്പ് തുറക്കാനായി ജുമാ മസ്ജിദിലെത്തും. വീടുകളിൽ തയ്യാറാക്കുന്ന ഏതെങ്കിലും പലഹാരങ്ങളും തൂക്കു പാത്രത്തിൽ നാരങ്ങ വെള്ളമോ ചായയോ കരുതിയിരിക്കും. നോമ്പ് തുറക്കാനായി മഹല്ല് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിപുലമായ സൗകര്യങ്ങൾ ഒരുക്കും. പള്ളിയിൽ നോമ്പ് തുറക്കാനായി ഈത്തപ്പഴവും പഴങ്ങളും നാരങ്ങ വെള്ളവും മറ്റും ഉണ്ടാവും. വിതരണത്തിനായി യുവാക്കളുടെ നീണ്ട നിരയും. ഓരോരുത്തരും കൊണ്ടു വന്ന വിഭവങ്ങൾ അടുത്തിരിക്കുന്നവർക്ക് പങ്കുവച്ച് കൊണ്ടുള്ള ആ നോമ്പ് തുറ അതീവ ഹൃദ്യമായിരുന്നു.

മഗ്‌രിബ് നമസ്കാരം കഴിഞ്ഞാണ് ഒരുപാട് കാലത്തെ ആഗ്രഹമായിരുന്ന രുചികരമായ ആ നോമ്പ് കഞ്ഞി മനസ്സുനിറയെ കഴിക്കാനായത്. നെയ്യിൽ വറുത്ത് കോരിയെടുത്ത അണ്ടിപ്പരിപ്പും ഉണക്ക മുന്തിരിയും ചേർത്ത് പാചകം ചെയ്ത ആവി പറക്കുന്ന ‘നോമ്പ് കഞ്ഞി’ വലിയ പ്ലേറ്റിൽ വിളമ്പിത്തരും. വേണ്ടവർക്ക് അവിടെ ഇരുന്ന് തന്നെ കുടിക്കാം. സമയമില്ലാത്തവർക്ക് തൂക്കു പാത്രങ്ങളിലാക്കി വീട്ടിൽ കൊണ്ടുപോകാം.

കഴിച്ചാൽ ഒട്ടും ക്ഷീണം ഇല്ലെന്ന് മാത്രമല്ല പ്രത്യേക ഉന്മേഷവും നൽകുന്ന ഈ മരുന്ന് കഞ്ഞി പിന്നെയും കുറെ വർഷങ്ങൾ കഴിഞ്ഞ് മലമ്പുഴയിലെ ഒരു പള്ളിയിൽ വെച്ച് കഴിച്ചതും ഓർമയിലുണ്ട്. അവിടെ കഞ്ഞിയുടെ കൂടെ നേന്ത്രക്കായ പുഴുക്കും വിളമ്പിയിരുന്നു.

നമസ്കാരവും ഇഫ്ത്വാറും തറാവീഹുമെല്ലാം വീട്ടിൽവച്ച് തന്നെ നടത്തുന്ന ഈകോവിഡ് നോമ്പ് കാലത്തും ആ മരുന്ന് കഞ്ഞിയുടെ കൊതിയൂറും രുചി നാവിൻതുമ്പിലുണ്ട്. ഏറെ വിഭവങ്ങളില്ലാത്ത നോമ്പുതുറ മലയാളികളെ ശീലിപ്പിക്കാൻ കൊറോണ കാരണമായിട്ടുണ്ട് എന്ന് കരുതുന്നു. മൂക്കുമുട്ടെ വാരിവലിച്ചു തിന്ന് ഇശാഅ് നമസ്കരിക്കാൻ പോലും കഴിയാതെ മയക്കത്തിലാണ്ടുപോകുന്ന, റമദാനിന്റെ ലക്ഷ്യം വിസ്മരിപ്പിക്കുന്ന സ്വഭാവം നമ്മിലുണ്ടായിക്കൂടാ.

**സകാത്ത് ധനികന്റെ ഔദാര്യമല്ല.**
**അർഹരുടെ അവകാശമാണ്.**

WISDOM
ISLAMIC ORGANIZATION

## ചുറ്റുമുള്ള തേങ്ങലുകൾ...
## പരിഹാരം താങ്കളുടെ കയ്യിലുണ്ട്...

### സകാത്ത് നിർണയ പട്ടിക

| ക്രമ നമ്പർ | സകാത്ത് ബാധകമാകുന്ന ഇനങ്ങൾ | നിസാബ് (സകാത്ത് നിർബന്ധമാകുന്ന പരിധി) | നിർബന്ധമാകുന്ന കാലയളവ് | സകാത്ത് വിഹിതം | സകാത്ത് കണക്കാക്കുന്ന രീതി |
|---|---|---|---|---|---|
| 1 | സ്വർണം | 85 ഗ്രാം/ മുകളിലേക്ക് | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | മൊത്തം സ്വർണ വിലയുടെ 2.5% | സ്വർണത്തിന്റെ തൂക്കം X ഒരു ഗ്രാമിന്റെ വില X 2.5 / 100 |
| 2 | കറൻസി | 595 ഗ്രാം വെള്ളിയുടെ വില | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | ആകെ സംഖ്യ X 2.5 / 100 |
| 3 | കച്ചവട വസ്തുക്കൾ | 595 ഗ്രാം വെള്ളിയുടെ വില | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | കച്ചവടച്ചരക്കുകളുടെ വിപണി മൂല്യം + കൈവശമുള്ള സംഖ്യ − വീട്ടാനുള്ള കടം X 2.5 / 100 |
| 4 | വരുമാനങ്ങൾ വാടക, ശമ്പളം, കൂലി... | 595 ഗ്രാം വെള്ളിയുടെ വില | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | കൈവശമുള്ള സംഖ്യ X 2.5 / 100 |
| 5 | ഓഹരികൾ: ഉൽപ്പന്നാധിഷ്ഠിതം | 595 ഗ്രാം വെള്ളിയുടെ വില (മൂലധനം ഉൾപ്പെടെ) | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | ഓഹരി വിഹിതം + ഡിവിഡന്റ് X 2.5 / 100 |
| 6 | ഓഹരികൾ: സേവനാധിഷ്ഠിതം | 595 ഗ്രാം വെള്ളിയുടെ വില (മൂലധനം കഴിച്ച്) | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | വരുമാനം X 2.5 / 100 |
| 7 | കാർഷിക വിളകൾ: താനെയുണ്ടാകുന്നത് | 612 കിലോഗ്രാം | വിളവെടുപ്പ് സമയം | 10% | ധാന്യങ്ങളുടെ വില (വിളവെടുപ്പിനുള്ള ചെലവ് കഴിച്ച്) X 10 / 100 |
| 8 | കാർഷിക വിളകൾ: അധ്വാനമുണ്ടാകുന്നത് | 612 കിലോഗ്രാം | വിളവെടുപ്പ് സമയം | 5% | ധാന്യങ്ങളുടെ വില (വിളവെടുപ്പിനുള്ള ചെലവു കഴിച്ച്) X 5 / 100 |

**അടിക്കുറിപ്പ്:** സകാത്ത് കണക്ക് കൂട്ടുമ്പോൾ കടത്തിലേക്കായി മാറ്റിവെക്കുന്ന സംഖ്യ മാത്രമേ കുറക്കാവൂ / കാർഷിക വിളകൾക്ക് സ്വഹാബികളുടെ കാലത്ത് 300 സ്വാഅ് ആണ് അളവായി കണക്കാക്കിയത്. ഒരു സ്വാഅ് എന്നത് 2കിലോ 40 ഗ്രാം ഗോതമ്പ് ആണ്.

## കേരള സകാത്ത് സെൽ നടപ്പാക്കി വരുന്ന പദ്ധതികൾ:

**വീട് നിർമ്മാണം, സ്വയം തൊഴിൽ, ചികിത്സാ സഹായം, മാസാന്ത പെൻഷൻ, കട ബാധ്യത തീർക്കൽ...**

**Wisdom Islamic Organization Kerala Zakath Cell:**

ചെയർമാൻ: കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
Contact: 8606627041, 8606000750, 9567070031

A/c No: 38439503754
State Bank of India
Palayam Branch
Kozhikode
IFS CODE: SBIN0008635

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 MAY 16

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600




# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

/greenvalleycampus

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8**
**(boys only )**

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**